# ഇസ്‌ലാം;
# വിധികൾ, മര്യാദകൾ

പ്രസിദ്ധീകരണം:
മന്ത്രാലയത്തിന്റെ കീഴിലുള്ള പ്രിന്റിംഗ് & റിസേർച്ച്
ഏജൻസി - **1435 H** ഹി.

ح وزارة الشؤون الاسلامية والأوقاف والدعوة والإرشاد ، ١٤٢٧ هـ

فهرسة مكتبة الملك فهد الوطنية أثناء النشر

مكتب الدعوة و توعية الجاليات بالزلفي

احكام وآداب اسلامية ./ مكتب الدعوة و توعية الجاليات بالزلفي -

الريـاض ، ١٤٢٧ هـ

٨٨ ص ؛ ١٢ × ١٧سم

ردمك : ٤-٥٣٥-٢٩-٩٩٦٠

(النص باللغة المليبارية)

١ - الآداب الاسلامية ٢ - الاخلاق الاسلامية أ. العنوان

ديوي ٢١٢ ١٤٢٧/٣٣٥١

رقم الإيداع : ١٤٢٧/٣٣٥١

ردمك : ٤-٥٣٥-٢٩-٩٩٦٠

الطبعة التاسعة

١٤٣٥ هـ

# ഉള്ളടക്കം


| നമ്പർ | വിഷയം | പുറം |
|---|---|---|
| 1 | നിഷ്കളങ്കത, നിരീക്ഷണം | 4 |
| 2 | തൗഹീദ്; മഹത്വം, ശിർക്ക്; ജാഗ്രത | 7 |
| 3 | ലോകമാന്യം | 11 |
| 4 | പ്രാർത്ഥന | 14 |
| 5 | വിജ്ഞാനം | 18 |
| 6 | നന്മ കൽപ്പിക്കുക തിന്മ വിരോധ | 22 |
| 7 | നന്മ കൽപ്പിക്കുക, മര്യാദകൾ | 25 |
| 8 | മാതാപിതാക്കൾ | 27 |
| 9 | സൽസ്വഭാവം | 30 |
| 10 | വിനയവും സൗമ്യതയും | 34 |
| 11 | കാരുണ്യം | 36 |
| 12 | അക്രമം; നിഷിദ്ധം | 38 |
| 13 | മുസ്‌ലിമിന്റെ ജീവൻ ആദരിക്കൽ. | 40 |
| 14 | മുസ്‌ലിമിന്റെ കടമ | 42 |
| 15 | അയൽവാസി; ബാദ്ധ്യകൾ | 45 |
| 16 | നാവിന്റെ വിപത്തുകൾ | 47 |
| 17 | പരദൂഷണം | 50 |
| 18 | സത്യവും അസത്യവും | 53 |
| 19 | പശ്ചാത്താപം | 56 |
| 20 | സലാം പറയൽ | 60 |
| 21 | ഭക്ഷണ മര്യാദകൾ | 63 |
| 22 | മലമൂത്രവിസർജ്ജനം; മര്യാദകൾ | 65 |
| 23 | തുമ്മൽ, കോട്ടുവാ | 67 |
| 24 | നായയെ വളർത്തൽ | 70 |
| 25 | ദൈവസ്മരണ | 71 |
| 26 | സുഹൃത്ത് | 77 |
| 27 | ക്ഷമ | 81 |

بِسْمِ ٱللَّهِ ٱلرَّحْمَٰنِ ٱلرَّحِيمِ

# ഇസ്ലാം; വിധികൾ, മര്യാദകൾ

## 1 നിഷ്കളങ്കത, നിരീക്ഷണം

അല്ലാഹു പറയുന്നു:

وَمَآ أُمِرُوٓاْ إِلَّا لِيَعْبُدُواْ ٱللَّهَ مُخْلِصِينَ لَهُ ٱلدِّينَ حُنَفَآءَ وَيُقِيمُواْ ٱلصَّلَوٰةَ وَيُؤْتُواْ ٱلزَّكَوٰةَ ۚ وَذَٰلِكَ دِينُ ٱلْقَيِّمَةِ

(البيّنة : ٥)

കീഴ്വണക്കം അല്ലാഹുവിന്ന് മാത്രം ആക്കിക്കൊണ്ട് അവനെ ആരാധിക്കാനല്ലാതെ അവരോട് കൽപ്പിക്കപ്പെട്ടിട്ടില്ല. (ബയ്യിന-5)

قُلِ ٱللَّهَ أَعْبُدُ مُخْلِصًا لَّهُۥ دِينِى ﴿١٤﴾ (الزمر : ١٤)

പറയുക, അല്ലാഹുവെയാണ് ഞാൻ ആരാധിക്കുന്നത്, എന്റെ കീഴ്വണക്കം അവന്ന് നിഷ്കളങ്കമാക്കിക്കൊണ്ട്.(സുമർ-14)

قُلْ إِن تُخْفُواْ مَا فِى صُدُورِكُمْ أَوْ تُبْدُوهُ يَعْلَمْهُ ٱللَّهُ ۗ

(آل عمران: ٢٩)

നബിയേ, പറയുക, നിങ്ങളുടെ ഹൃദയങ്ങളിലുള്ളത് നിങ്ങൾ മറച്ചുവെച്ചാലും വെളിപ്പെടുത്തിയാലും അല്ലാഹു അത് അറിയുന്നതാണ്.(ആലു ഇംറാൻ-29)

إِنَّ ٱللَّهَ لَا يَخْفَىٰ عَلَيْهِ شَيْءٌ فِي ٱلْأَرْضِ وَلَا فِي ٱلسَّمَآءِ

( آل عمران : ٥)

ഭൂമിയിലോ ആകാശത്തോ ഉള്ള യാതൊരു കാര്യവും അല്ലാഹുവിന്ന് അവ്യക്തമായി പോകുന്നതല്ല. (ആലുഇംറാൻ–5)

عَنْ عُمَرَ بن الخطّاب ﷺقَالَ: سَمِعْتُ رَسُولَ اللهِ ﷺ يَقُولُ : إِنَّمَا الأَعْمَالُ بِالنِّيَّاتِ وَإِنَّمَا لِكُلِّ امْرِئٍ مَا نَوَى... ( مُتَفَقٌ عَلَيْهِ )

ഉമറുബ്നുൽ ഖത്താബ് ﷺ പറയുന്നു, നബി ﷺ പറയുന്നതായി ഞാൻ കേട്ടിരിക്കുന്നു: നിശ്ചയം പ്രവർത്തനങ്ങൾക്ക് പ്രതിഫലം ലഭിക്കുക അവ യുടെ നിയ്യത്ത് അനുസരിച്ചു മാത്രമാകുന്നു. ഓരോരുത്തർക്കും ലഭിക്കുന്നത് അവൻ ഉദ്ദേശി ക്കുന്നത് മാത്രമാകുന്നു.

عَنْ أَبِي هُرَيْرَةَ ﷺ أَنَّ النَّبِيَّ صَلَّى اللَّه عَلَيْهِ وَسَلَّمَ قَالَ : أَسْعَدُ النَّاسِ بِشَفَاعَتِي يَوْمَ الْقِيَامَةِ مَنْ قَالَ لَا إِلَهَ إِلَّا اللَّهُ خَالِصًا مِنْ قَلْبِهِ (رَوَاهُ البُخَارِي)

അബൂഹുറയ്റ ﷺ യിൽ നിന്നു നിവേദനം, നബി ﷺ പറഞ്ഞു: അന്ത്യനാളിൽ, ജനങ്ങളിൽ എന്റെ ശുപാർശ ലഭിക്കുന്ന ഏറ്റവും വലിയ ഭാഗ്യ വാൻ, ഹൃദയംഗമമായി ‘‘ലാഇലാഹഇല്ലല്ലാഹ്’’ പറയുന്നവനായിരിക്കും.

عَنْ أَبِي هُرَيْرَةَ ﷺ قَالَ قَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ إِنَّ اللَّهَ لَا يَنْظُرُ إِلَى صُوَرِكُمْ وَأَمْوَالِكُمْ وَلَكِنْ يَنْظُرُ إِلَى قُلُوبِكُمْ وَأَعْمَالِكُمْ (رَوَاهُ مُسْلِمٌ)

അബൂഹുറയ്റ ﷺ യിൽനിന്നു നിവേദനം, നബി ﷺ പറഞ്ഞു: തീർച്ചയായും അല്ലാഹു നിങ്ങളുടെ ശരീരങ്ങളിലേക്കോ, സമ്പത്തിലേക്കോ അല്ല നോക്കുക. അവൻ നിങ്ങളുടെ മനസ്സുകളിലേക്കും പ്രവർത്തനങ്ങളിലേക്കുമാണ് നോക്കുക.

عَنْ أَبِي ذَرٍّ ﷺ قَالَ قَالَ رَسُولُ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ اتَّقِ اللَّهِ حَيْثُمَا كُنْتَ وَأَتْبِعِ السَّيِّئَةَ الْحَسَنَةَ تَمْحُهَا وَخَالِقِ النَّاسَ بِخُلُقٍ حَسَنٍ (رَوَاهُ التِّرْمِذِيُّ)

അബൂദർ ﷺ ൽ നിന്ന് നിവേദനം, നബി ﷺ പറഞ്ഞു: നീ എവിടെയായിരുന്നാലും അല്ലാഹുവിനെ സൂക്ഷിക്കുക. നീ വല്ല തെറ്റും ചെയ്താൽ അതിനെതുടർന്ന് നന്മ ചെയ്യുക. (ആ നന്മ) തിന്മയെ മായിച്ചു കളയും. നീ ജനങ്ങളോട് നല്ല സ്വഭാവത്തോടെ പെരുമാറുക.(തിർമദി)

**സംഗ്രഹം:**

1-മനുഷ്യന്റെ പ്രവത്തനങ്ങൾ സ്വീകരിക്കാനുള്ള നിബന്ധനയാണ് ഇഖ്‌ലാസ് (നിഷ്കളങ്കത). അല്ലാഹുവിന്റെ പക്കൽനിന്നുള്ള പ്രതിഫല വർദ്ധന ഇതിനെ ആസ്പദിച്ചിരിക്കുന്നു.

2–അല്ലാഹുവിന്ന് പങ്കാരുടെ ആവശ്യമില്ല. അവന്റെ പ്രീതി മാത്രം മോഹിച്ചുകൊണ്ട് ചെയ്യുന്ന പ്രവർത്തനങ്ങളല്ലാതെ അവൻ സ്വീകരിക്കുകയില്ല. ഖുദ്സിയായ ഹദീസിൽ അല്ലാഹു പറയുന്നു: ആരെങ്കിലും എന്നിൽ പങ്കുചേർത്തുകൊണ്ടുള്ള ഒരു പ്രവർത്തി ചെയ്താൽ, അവനെയും അവൻ പങ്കുചേർത്തതിനെയും ഞാൻ ഒഴിവാക്കും.

3– ആകാശഭൂമികളിലുള്ള യാതൊന്നും അല്ലാഹുവിന്ന് അവ്യക്തമായി പോകുന്നതല്ല. അത്കൊണ്ട് സദാസമയവും അല്ലാഹുവിനെ സൂക്ഷിക്കുക.

## 2)തൗഹീദ്; മഹത്വം, ശിർക്ക്; ജാഗ്രത

അല്ലാഹു പറയുന്നു:

إِنَّ ٱلشِّرْكَ لَظُلْمٌ عَظِيمٌ ﴿١٣﴾ ( لقمان : ١٣)

തീർച്ചയായും അല്ലാഹുവിൻ പങ്കുചേർക്കുന്നത് വലിയ അക്രമം തന്നെയാകുന്നു.(ലുഖ്മാൻ–13)

إِنَّ ٱللَّهَ لَا يَغْفِرُ أَن يُشْرَكَ بِهِۦ وَيَغْفِرُ مَا دُونَ ذَٰلِكَ لِمَن يَشَآءُ ( النساء : ٤٨)

തന്നോട് പങ്കുചേർക്കപ്പെടുന്നത് അല്ലാഹു ഒരിക്കലും പൊറുക്കുകയില്ല. അതൊഴിച്ചുള്ളതെല്ലാം അവനുദ്ദേശിക്കുന്നവർക്ക് അവൻ പൊറുത്തു കൊടുക്കുന്നതാണ്. (നിസാഅ്–48)

وَلَقَدْ أُوحِىَ إِلَيْكَ وَإِلَى ٱلَّذِينَ مِن قَبْلِكَ لَئِنْ أَشْرَكْتَ لَيَحْبَطَنَّ عَمَلُكَ وَلَتَكُونَنَّ مِنَ ٱلْخَسِرِينَ ﴿٦٥﴾ (الزمر: ٦٥)

തീർച്ചയായും നിനക്കും നിനക്കു മുമ്പുള്ള വർക്കും സന്ദേശം നൽകപ്പെട്ടിട്ടുള്ളത് ഇതത്രെ; അല്ലാഹുവിന് നീ പങ്കാളിയെ ചേർക്കുന്നപക്ഷം തീർച്ചയായും നിന്റെ കർമ്മങ്ങൾ നിഷ്ഫലമായി പോകുകയും, തീർച്ചയായും നീ നഷ്ടക്കാരുടെ കൂട്ടത്തിൽ ആവുകയും ചെയ്യും. (സുമർ–65)

وَمَا خَلَقْتُ ٱلْجِنَّ وَٱلْإِنسَ إِلَّا لِيَعْبُدُونِ ﴿٥٦﴾ (الذاريات: ٥٦)

ജിന്നിനെയും മനുഷ്യനെയും എന്നെ ആരാധിക്കാൻവേണ്ടിയല്ലാതെ ഞാൻ സൃഷ്ടിച്ചിട്ടില്ല.(ദാരിയാത്ത്–56)

وَلَقَدْ بَعَثْنَا فِى كُلِّ أُمَّةٍ رَّسُولًا أَنِ ٱعْبُدُوا۟ ٱللَّهَ وَٱجْتَنِبُوا۟ ٱلطَّٰغُوتَ ﴿٣٦﴾ (النحل: ٣٦)

തീർച്ചയായും ഓരോ സമുദായത്തിലും നാം ദൂദനെ നിയോഗിച്ചിട്ടുണ്ട്. നിങ്ങൾ അല്ലാഹുവെ ആരാധിക്കുകയും, ദുർമൂർത്തികളെ വെടിയുകയും ചെയ്യുക എന്നു പ്രബോധനം ചെയ്യുന്നതിനുവേണ്ടി (അന്നഹ്ൽ–36)

عَنْ جَابِرٍ ﷺ قَالَ : قَالَ رَسُولُ اللَّهِ صَلَّى اللَّـه عَلَيْـهِ وَسَلَّمَ : مَنْ لَقِيَ اللَّهَ لَا يُشْرِكُ بِهِ شَيْئًا دَخَلَ الْجَنَّةَ وَمَنْ لَقِيَهُ يُشْرِكُ بِهِ دَخَلَ النَّارَ (رَوَاهُ مُسْلِم)

ജാബിർ ﷺ ൽ നിന്ന് നിവേദനം, നബി ﷺ പറഞ്ഞു: അല്ലാഹുവിൽ യാതൊന്നിനെയും പങ്കുചേർക്കാതെ, ആർ അവനെ കണ്ട്മുട്ടുന്നു വോ, അവൻ സ്വർഗ്ഗത്തിൽ പ്രവേശിച്ചു. പങ്കു ചേർത്തുകൊണ്ട് ആർ കണ്ട്മുട്ടുന്നുവോ അവൻ നരകത്തിൽ പ്രവേശിച്ചു .

عَنْ أَبِي هُرَيْرَةَ رَضِيَ اللَّه عَنْه عَنِ النَّبِيِّ صَلَّى اللَّـه عَلَيْهِ وَسَلَّمَ قَالَ اجْتَنِبُوا السَّبْعَ الْمُوبِقَاتِ قَالُوا يَا رَسُولَ اللَّهِ وَمَا هُنَّ قَالَ الشِّرْكُ بِاللَّهِ ... ( متفق عليه)

അബൂഹുറയ്റ ﷺ യിൽനിന്നു നിവേദനം, നബി ﷺ പറഞ്ഞു: നാശകരമായ ഏഴു മഹാപാപങ്ങൾ നിങ്ങൾ വെടിയുവിൻ. സ്വഹാബികൾ ചോദിച്ചു, പ്രവാചകരേ, ഏതാണവ? നബി ﷺ പറഞ്ഞു: അല്ലാഹുവിൽ പങ്കുചേർക്കൽ ... (ഹദീഥ്)

عَنْ مُعَاذِ بْنِ جَبَلٍ ﷺ قَالَ كُنْتُ رِدْفَ رَسُولِ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ عَلَى حِمَارٍ فَقَالَ يَا مُعَاذُ أَتَدْرِي مَا حَقُّ اللَّهِ عَلَى الْعِبَادِ وَمَا حَقُّ الْعِبَادِ عَلَى اللَّهِ قَالَ قُلْتُ اللَّهُ وَرَسُولُهُ أَعْلَمُ قَالَ فَإِنَّ حَقَّ اللَّهِ عَلَى الْعِبَادِ أَنْ يَعْبُـدُوا

اللَّهَ وَلَا يُشْرِكُوا بِهِ شَيْئًا وَحَقُّ الْعِبَادِ عَلَى اللَّهِ عَزَّ وَجَلَّ أَنْ لَا يُعَذِّبَ مَنْ لَا يُشْرِكُ بِهِ شَيْئًا... (رَوَاهُ مُسْلِم)

മുആദുബ്നുജബൽ ﷺ ൽ നിന്ന് നിവേദനം, ഞാൻ നബി ﷺ യുടെ കൂടെ ഒരു കഴുതപ്പുറത്ത് യാത്ര ചെയ്യുകയായിരുന്നു. അപ്പോൾ നബി ﷺ ചോദിച്ചു, മുആദ്, അല്ലാഹുവിന്റെ സൃഷ്ടികൾക്ക് അല്ലാഹുവിനോടുള്ള അവകാശവും, അല്ലാഹുവിന്ന് സൃഷ്ടികളോടുള്ള അവകാശവും, എന്താണെന്ന് നിനക്കറിയാമോ? ഞാൻ പറഞ്ഞു: അല്ലാഹുവിനും അവന്റെ റസൂലിനും ഏറ്റവും അിറയാം. അല്ലാഹുവെ മാത്രം ആരാധിക്കലും അവനിൽ യാതൊന്നിനെയും പങ്കുചേർക്കാതിരിക്കലുമാണ് സൃഷ്ടികൾക്ക് അല്ലാഹുവിനോടുള്ള അവകാശം. അല്ലാഹുവിൽ യാതൊന്നിനെയും പങ്കുചേർക്കാത്തവനെ ശിക്ഷിക്കാതിരിക്കൽ അല്ലാഹുവിന്ന് സൃഷ്ടികളോടുള്ള അവകാശവും.

സംഗ്രഹം:

1–ശിർക്ക് (ബഹുദൈവ വിശ്വാസം) അപകടകരമാണ്. അതിനു തുല്ല്യമായി മറ്റൊരു പാപവുമില്ല. പശ്ചാതാപം കൊണ്ടല്ലാതെ അല്ലാഹു അത് പൊറുത്തുതരികയില്ല. അല്ലാഹു ഉദ്ദേശിക്കുന്നവർക്ക് പൊറുത്ത് കൊടുക്കുന്ന, മറ്റു പാപങ്ങളെപ്പോലെയല്ല അത്.

2–ശിർക്ക് ചെയ്ത് കൊണ്ട് ആരെങ്കിലും മരിച്ചാൽ അവന്റെ എല്ലാ പ്രവർത്തനങ്ങളും നിഷ്ഫലമായിത്തീരും. അത് (ശിർക്ക്) അവൻ നരകത്തിൽ നിത്യവാസിയായിത്തീരാനും കാരണമായിത്തീരും.

3–തൗഹീദ് (ഏകദൈവവിശ്വാസം) വളരെ ശ്രേഷ്ടമായകാര്യമാണ്. ജിന്നുകളുടെയും മനുഷ്യരുടെയും സൃഷ്ടിപ്പിന്റെത്തന്നെ ലക്ഷ്യം അതാകുന്നു. സ്വർഗ്ഗപ്രവേശനത്തിനും നരകത്തിൽനിന്ന് രക്ഷപ്പെടുവാനുമുള്ള മുഖ്യകാരണവും അതാണ്.

## 3–ലോകമാന്യം

അല്ലാഹു പറയുന്നു:

فَوَيْلٌ لِّلْمُصَلِّينَ ﴿٤﴾ ٱلَّذِينَ هُمْ عَن صَلَاتِهِمْ سَاهُونَ ﴿٥﴾ ٱلَّذِينَ هُمْ يُرَآءُونَ ﴿٦﴾ وَيَمْنَعُونَ ٱلْمَاعُونَ ﴿٧﴾

( الماعون : ٤–٧)

എന്നാൽ തങ്ങളുടെ നമസ്കാരത്തെപ്പറ്റി ശ്രദ്ധയില്ലാത്തവരും, ജനങ്ങളെ കാണിക്കാൻവേണ്ടി പ്രവർത്തിക്കുന്നവരും, പരോപകാരവസ്തുക്കൾ മുടക്കുന്നവരുമായ നമസ്കാരക്കാർക്കാകുന്നു നാശം. (അൽ മാഊൻ 4–7)

عَنْ أَبِي سَعْدِ بْنِ أَبِي فَضَالَةَ قَالَ سَمِعْتُ رَسُولَ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ يَقُولُ إِذَا جَمَعَ اللَّهُ النَّاسَ يَوْمَ الْقِيَامَةِ لِيَوْمٍ لَا رَيْبَ فِيهِ نَادَى مُنَادٍ مَنْ كَانَ أَشْرَكَ فِي عَمَلٍ عَمِلَهُ لِلَّهِ أَحَدًا فَلْيَطْلُبْ ثَوَابَهُ مِنْ عِنْدِ غَيْرِ اللَّهِ فَإِنَّ اللَّهَ أَغْنَى الشُّرَكَاءِ عَنِ الشِّرْكِ (رَوَاهُ التِّرْمِذِيُّ)

അബൂസഅ്ദുബ്നു അബൂ ഫുദാല ﷺ യിൽനിന്ന് നിവേദനം, നബി ﷺ പറയുന്നതായി ഞാൻ കേട്ടിരിക്കുന്നു: സംശയിക്കേണ്ടതില്ലാത്ത ആ അന്ത്യദിനത്തിൽ അല്ലാഹു എല്ലാ മനുഷ്യരെയും ഒരുമിച്ചു കൂട്ടിയാൽ ഒരാൾ വിളിച്ചുപറയും: തന്റെ പ്രവർത്തനങ്ങളിൽ അല്ലാഹു അല്ലാത്തവരെ പങ്കുചേർത്തവർ തങ്ങളുടെ പ്രതിഫലം അവരിൽ (പങ്കുകാരിൽ) നിന്നും വാങ്ങിക്കൊള്ളട്ടെ. എല്ലാ പങ്കുകാരിൽനിന്നും അവർ ചേർക്കുന്ന പങ്കിൽനിന്നും അല്ലാഹു ധന്യനാണ്.

عَنْ أَبِي سَعِيدٍ الْخُدْرِيِّ ﷺ قَالَ خَرَجَ عَلَيْنَا رَسُولُ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ وَنَحْنُ نَتَذَاكَرُ الْمَسِيحَ الدَّجَّالَ فَقَالَ أَلَا أُخْبِرُكُمْ بِمَا هُوَ أَخْوَفُ عَلَيْكُمْ عِنْدِي مِنَ الْمَسِيحِ الدَّجَّالِ قَالَ قُلْنَا بَلَى فَقَالَ الشِّرْكُ الْخَفِيُّ أَنْ يَقُومَ الرَّجُلُ يُصَلِّي فَيُزَيِّنُ صَلَاتَهُ لِمَا يَرَى مِنْ نَظَرِ رَجُلٍ (رَوَاهُ ابن ماجه)

അബൂസഊദിൽഖുദ്രി ﷺ യിൽനിന്ന് നിവേദനം, ഒരിക്കൽ ഞങ്ങൾ മസീഹുദ്ദജ്ജാലിനെ കുറിച്ച് സംസാരിച്ചുകൊണ്ടിരിക്കെ നബി ﷺ ഞങ്ങളുടെ അടുക്കൽ വന്നു പറഞ്ഞു: നിങ്ങളുടെ മേൽ മസീഹുദ്ദജ്ജാലിനെക്കാൾ കൂടുതലായി ഞാൻ ഭയപ്പെടുന്ന ഒരു കാര്യത്തെ കുറിച്ചു പറഞ്ഞുതരട്ടെയോ? ഞങ്ങൾ പറഞ്ഞു,അതെ റസൂലേ. അപ്പോൾ നബി ﷺ പറഞ്ഞു: ഗോപ്യമായ ശിർക്കാണത്. മറ്റുള്ളവർ തന്നെ കാണുമ്പോൾ മാത്രം തന്റെ നമസ്കാരം മോടി കൂട്ടുന്ന ഒരാൾ (ചെയ്യുന്നത് ഗോപ്യമായ ശിർക്ക് ആകുന്നു).

സംഗ്രഹം:

1-ലോകമാന്യത്തിനു വേണ്ടി പ്രവർത്തിക്കുന്നവർക്കുള്ള അതിശക്തമായ താക്കീതാണിത്.

2-മനുഷ്യൻ താനറിയാതെ ചിലപ്പോൾ ലോകമാന്യത്തിൽ വീണുപോകും.

3-ജനങ്ങൾ കാണാൻ വേണ്ടി കാര്യങ്ങൾ ചെയ്യുന്നവന്റെ പവർത്തനങ്ങൾ അസ്വീകാര്യമാകുന്നു.

## 4. പ്രാർത്ഥന

അല്ലാഹു പറയുന്നു:

وَقَالَ رَبُّكُمُ ٱدْعُونِىٓ أَسْتَجِبْ لَكُمْ ۚ ( غافر : ٦٠)

നിങ്ങളുടെ രക്ഷിതാവ് പറഞ്ഞിരിക്കുന്നു: നിങ്ങൾ എന്നോട് പ്രാർത്ഥിക്കൂ, ഞാൻ നിങ്ങൾക്ക് ഉത്തരം നൽകും. (ഗാഫിർ-60)

وَإِذَا سَأَلَكَ عِبَادِى عَنِّى فَإِنِّى قَرِيبٌ ۖ أُجِيبُ دَعْوَةَ ٱلدَّاعِ إِذَا دَعَانِ ( البقرة : ١٨٦)

നിന്നോട് എന്റെ ദാസൻമാർ എന്നെപ്പറ്റി ചോദിച്ചാൽ, ഞാൻ (അവർക്ക് ഏറ്റവും) അടുത്തുള്ളവനാകുന്നു (എന്ന് പറയുക) പ്രാർത്ഥിക്കുന്നവൻ എന്നെ വിളിച്ചു പ്രാർത്ഥിച്ചാൽ ഞാൻ ആ പ്രാർത്ഥനക്ക് ഉത്തരം നൽകുന്നതാണ്. (അൽബഖറ-186)

ٱدْعُوا۟ رَبَّكُمْ تَضَرُّعًا وَخُفْيَةً ۚ إِنَّهُۥ لَا يُحِبُّ ٱلْمُعْتَدِينَ ۝ ( الأعراف : ٥٥)

താഴ്മയോടുകൂടിയും രഹസ്യമായിക്കൊണ്ടും നിങ്ങൾ നിങ്ങളുടെ രക്ഷിതാവിനോട് പ്രാർത്ഥിക്കുക. പരിധിവിട്ടുപോകുന്നവരെ

അല്ലാഹു ഇഷ്ടപ്പെടുക തന്നെയില്ല. (അഅ്റാഫ്-55)

عَنِ النُّعْمَانِ بْنِ بَشِيرٍ ﷺ عَنِ النَّبِيِّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ قَالَ الدُّعَاءُ هُوَ الْعِبَادَةُ (رَوَاهُ التِّرْمُذِيُّ)

നുഅ്മാനുബ്നുബഷീർ ﷺ ൽനിന്നു നിവേദനം, നബി ﷺ പറഞ്ഞു പ്രാർത്ഥന അതുതന്നെയാണ് ആരാധന.

عَنْ أَبِي هُرَيْرَةَ ﷺ أَنَّ رَسُولَ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ قَالَ أَقْرَبُ مَا يَكُونُ الْعَبْدُ مِنْ رَبِّهِ وَهُوَ سَاجِدٌ فَأَكْثِرُوا الدُّعَاءَ (رَوَاهُ مُسْلِم)

അബൂഹുറയ്റ ﷺ യിൽനിന്നു നിവേദനം, നബി ﷺ പറഞ്ഞു: ഒരു മനുഷ്യൻ തന്റെ രക്ഷിതാവിനോട് ഏറ്റവും കൂടുതൽ അടുക്കുന്നത് സുജൂദിലാണ്. അതുകൊണ്ട് സുജൂദിൽ നിങ്ങൾ പ്രാർത്ഥന അധികരിപ്പിക്കുക.

عَنْ عَائِشَةَ رَضِيَ اللَّه عَنْهَا قَالَتْ كَانَ رَسُولُ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ يَسْتَحِبُّ الْجَوَامِعَ مِنَ الدُّعَاءِ وَيَدَعُ مَا سِوَى ذَلِكَ (رَوَاهُ أَبُودَاوُد)

ആയിശ ﷺ പറഞ്ഞു: പ്രാർത്ഥനയിൽ ആശയസമ്പുഷ്ടമായ ഹ്യസ്വവചനമായിരുന്നു നബി ﷺ ക്ക് ഏറ്റവും ഇഷ്ടം. അതല്ലാത്തവ നബി ﷺ ഉപേക്ഷിക്കുമായിരുന്നു.

عَنْ أَبِي هُرَيْرَةَ ﷺ قَالَ قَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ مَا مِنْ رَجُلٍ يَدْعُو اللَّهَ بِدُعَاءٍ إِلَّا اسْتُجِيبَ لَهُ فَإِمَّا أَنْ يُعَجَّلَ لَهُ فِي الدُّنْيَا وَإِمَّا أَنْ يُدَّخَرَ لَهُ فِي الْآخِرَةِ وَإِمَّا أَنْ يُكَفَّرَ عَنْهُ مِنْ ذُنُوبِهِ بِقَدْرِ مَا دَعَا مَا لَمْ يَدْعُ بِإِثْمٍ أَوْ قَطِيعَةِ رَحِمٍ (رَوَاهُ التِّرْمِذِيُّ)

അബൂഹുറയ്റ ﷺ യിൽനിന്നു നിവേദനം, നബിﷺ പറഞ്ഞു: കുറ്റകരമായ കാര്യത്തിനോ കുടുംബബന്ധം മുറിക്കുന്ന കാര്യത്തിനോ, പ്രാർത്ഥിക്കാത്തിടത്തോളം കാലം, ഒരു മുസ്‌ലിം വല്ല പ്രാർത്ഥനയും ചെയ്താൽ ഉത്തരം കിട്ടാത്ത പ്രശ്നമേയില്ല. അവൻ പ്രാർത്ഥിച്ചത് അവന് നൽകും. അല്ലെങ്കിൽ അതിനെക്കാൾ നല്ലതാക്കി അല്ലാഹു അവന്ന് ആ (പ്രാർത്ഥനയെ) അന്ത്യനാളിലേക്ക് സൂക്ഷിക്കും. അതുമല്ലെങ്കിൽ അതിനു സമമായ ഒരുദോഷത്തെ അവനിൽനിന്നു തടയും.

عَنْ أُمِّ الدَّرْدَاءِ رَضِيَ اللَّه عَنْهَا قَالَتْ قَالَ النَّبِيُّ صَلَّى اللَّه عَلَيْهِ وَسَلَّمَ : دَعْوَةُ الْمَرْءِ الْمُسْلِمِ لِأَخِيهِ بِظَهْرِ الْغَيْبِ مُسْتَجَابَةٌ عِنْدَ رَأْسِهِ مَلَكٌ مُوَكَّلٌ كُلَّمَا دَعَا لِأَخِيهِ بِخَيْرٍ قَالَ الْمَلَكُ الْمُوَكَّلُ بِهِ آمِينَ وَلَكَ بِمِثْلٍ (رَوَاهُ مُسْلِم)

ഉമ്മുദ്ദർദാഅ് ﷺ യിൽനിന്നു നിവേദനം, നബി ﷺ പറഞ്ഞു: ഒരു മുസ്‌ലിം തന്റെ

സഹോദരനു വേണ്ടി, അവന്റെ അസാന്നിദ്ധ്യത്തിൽ നടത്തുന്ന പ്രാർത്ഥനക്ക് ഉത്തരംനൽകപ്പെടും. അവന്റെ തലക്കരികിൽ ചുമതലയേറ്റ ഒരു മലക്കുണ്ടാകും. അവൻ തന്റെ സഹോദരന്റെ നന്മക്കുവേണ്ടി പ്രാർത്ഥിക്കുമ്പോളെല്ലാം, ആമീൻ എന്നും, അതുപോലെ അനുഗ്രഹം നിനക്കും ഉണ്ടാകട്ടെ എന്നും ആ മലക്ക് പറഞ്ഞുകൊണ്ടിരിക്കും.

സംഗ്രഹം:

1-പ്രാർത്ഥന ആരാധനയാകുന്നു. അത് അല്ലാഹു അല്ലാത്തവരോട് ചെയ്യാൻ പാടില്ല. ആരെങ്കിലും അല്ലാഹു അല്ലാത്തവരോട് പ്രാർത്ഥിച്ചാൽ അവൻ ബഹു*ദൈവാരാധകൻ ആയിത്തീരും. പ്രാർത്ഥനക്ക് വളരെ വലിയ സ്ഥാനവും പ്രാധാന്യവുമുണ്ട്. അതുകൊണ്ടാണ് നി*ബി ﷺ അതിനെ ആരാധനയായി എണ്ണിയത്. അതായത് പ്രാർത്ഥന ആരാധനയുടെ പ്രധാന ഭാഗമാകുന്നു.

2- പ്രാർത്ഥിക്കുമ്പോൾ ശബ്ദം താഴ്ത്തുന്നതും, ആശയസമ്പുഷ്ടമായ പ്രാർത്ഥനാവചനങ്ങൾ ഉപയോഗിക്കുന്നതും നല്ലതാകുന്നു.

3-മനുഷ്യൻ തനിക്കോ, തന്റെ സമ്പത്തിനോ എതിരിൽ പ്രാർത്ഥിക്കരുതെന്ന മുന്നറിയിപ്പ്.

4-മുസലിംകൾക്കു വേണ്ടി അവരുടെ അസാ

നിദ്ധ്യത്തിലും പ്രാർത്ഥിക്കാം.
5–പ്രാർത്ഥിച്ചവൻ ചോദിച്ച കാര്യം തന്നെ ഉത്തരമായിക്കിട്ടിക്കൊള്ളണമെന്നില്ല. ചില പ്പോൾ ആ പ്രാർത്ഥന നിമിത്തം അവന്റെ ഒരു തിന്മ തടയപ്പെടും. അല്ലെങ്കിൽ പ്രാർത്ഥനയുടെ ഫലം ഏറ്റവും കൂടുതൽ ആവശ്യമായിവരുന്ന അന്ത്യനാളിൽ അതിന്റെ ഫലം അവന്ന് നൽകപ്പെടും.
6–നിഷിദ്ധ ഭക്ഷണവും വസ്ത്രവും പ്രാർത്ഥനക്ക് ഉത്തരം കിട്ടുന്നതിന്ന് തടസ്സമാണ്.

## 5) വിജ്ഞാനം

അല്ലാഹു പറയുന്നു:

قُلۡ هَلۡ يَسۡتَوِي ٱلَّذِينَ يَعۡلَمُونَ وَٱلَّذِينَ لَا يَعۡلَمُونَۗ إِنَّمَا يَتَذَكَّرُ أُوْلُواْ ٱلۡأَلۡبَٰبِ ﴿٩﴾ ( الزمر : ٩)

പറയുക, അറിവുള്ളവരും അറിവില്ലാത്തവരും സമമാകുമോ? (സുമർ–9)

يَرۡفَعِ ٱللَّهُ ٱلَّذِينَ ءَامَنُواْ مِنكُمۡ وَٱلَّذِينَ أُوتُواْ ٱلۡعِلۡمَ دَرَجَٰتٖۚ ( المجادلة: ١١)

നിങ്ങളിൽനിന്ന് വിശ്വസിച്ചവരെയും വിജ്ഞാനം നൽകപ്പെട്ടവരെയും അല്ലാഹു പല പടികൾ ഉയർത്തുന്നതാണ്. (മുജാദില-11)

وَقُل رَّبِّ زِدْنِي عِلْمًا ﴿١١٤﴾ (طه : ١١٤)

എന്റെ രക്ഷിതാവേ, എനിക്കു നീ ജ്ഞാനം വർദ്ധിപ്പിച്ചു തരേണമേ എന്നു നീ പറയുകയും ചെയ്യുക. (ത്വാഹ-114)

إِنَّمَا يَخْشَى ٱللَّهَ مِنْ عِبَادِهِ ٱلْعُلَمَٰٓؤُا۟ (فاطر : ٢٨)

അല്ലാഹുവെ ഭയപ്പെടുന്നത് അവന്റെ ദാസൻമാരിൽനിന്നും അറിവുള്ളവർ മാത്രമാകുന്നു. (ഫാത്വിർ-28)

عَنْ مُعَاوِيَةَ ﷺ قَالَ سَمِعْتُ رَسُولَ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ يَقُولُ مَنْ يُرِدِ اللَّهُ بِهِ خَيْرًا يُفَقِّهْهُ فِي الدِّينِ ( متفق عليه)

മുആവിയാ ﷺ ൽനിന്നു നിവേദനം, നബി ﷺ പറഞ്ഞത് ഞാൻ കേട്ടു: ആർക്കെങ്കിലും നന്മ (നൽകാൻ) അല്ലാഹു ഉദ്ദേശിച്ചാൽ, അവനെ മതത്തിൽ അഗാധജ്ഞാനമുള്ളവനാക്കും.

عَنْ أَنَسٍ ﷺ أَنَّ النَّبِيَّ صَلَّى اللَّه عَلَيْهِ وَسَلَّمَ قَالَ مَنْ عَلَّمَ عِلْمًا فَلَهُ أَجْرُ مَنْ عَمِلَ بِهِ لَا يَنْقُصُ مِنْ أَجْرِ الْعَامِلِ (ابن ماجه)

അനസുബ്നു മാലിക് ﷺ ൽനിന്നു നിവേദനം, നബി ﷺ പറഞ്ഞു ആരെങ്കിലും ഒരു അറിവ് പഠിപ്പിച്ചുകൊടുത്താൽ, (ആ അറിവ് കൊണ്ട്) പ്രവർത്തി ചെയ്തവന്റെ പ്രതിഫലം പഠിപ്പിച്ചവനും ലഭിക്കും. അവന്റെ പ്രതിഫലത്തിൽ ഒന്നും കുറയാതെ തന്നെ.

عَنْ أَبِي هُرَيْرَةَ ﷺأَنَّ رَسُولَ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ قَالَ إِذَا مَاتَ الْإِنْسَانُ انْقَطَعَ عَنْهُ عَمَلُهُ إِلَّا مِنْ ثَلَاثَةٍ إِلَّا مِنْ صَدَقَةٍ جَارِيَةٍ أَوْ عِلْمٍ يُنْتَفَعُ بِهِ أَوْ وَلَدٍ صَالِحٍ يَدْعُو لَهُ (رَوَاهُ مُسْلِم)

അബൂഹുറയ്റ ﷺ യിൽനിന്നു നിവേദനം, നബി ﷺ പറഞ്ഞു: മനുഷ്യൻ മരിച്ചാൽ മൂന്നു കാര്യങ്ങളിൽനിന്നല്ലാതെ എല്ലാ പ്രവർത്തന (ഫല)ങ്ങളും നിലച്ചുപോകും. സ്ഥിരമായി നിൽക്കുന്ന ദാനം, ഉപകരിക്കുന്ന അറിവ്, തനിക്കു വേണ്ടി പ്രാർത്ഥിക്കുന്ന നല്ലവനായ സന്താനം.

عَنْ سَهْلِ بْنِ سَعْدٍ رَضِيِ اللَّه عَنْه أَنَّ رَسُولَ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ قَالَ: فَوَاللَّهِ لَأَنْ يَهْدِيَ اللَّهُ بِكَ رَجُلًا وَاحِدًا خَيْرٌ لَكَ مِنْ أَنْ يَكُونَ لَكَ حُمْرُ النَّعَمِ (رَوَاهُ الْبُخَارِي)

സഹ്ലുബ്നു സഅ്ദ് ﷺ യിൽനിന്നു നിവേദനം, നബി ﷺ പറഞ്ഞു: അല്ലാഹു സത്യം, നീ മുഖേന

അല്ലാഹു ഒരാളെ നേർമാർഗത്തിലാക്കുന്നത് നിനക്ക് ഒരു ചുവന്ന ഒട്ടകം ലഭിക്കുന്നതിനെക്കാൾ ഉത്തമമാകുന്നു.

عَنْ عَبْدِاللَّهِ بْنِ عَمْروبن العاص ﷺ أَنَّ النَّبِيَّ صَلَّى اللَّه عَلَيْهِ وَسَلَّمَ قَالَ بَلِّغُوا عَنِّي وَلَوْ آيَةً (رَوَاهُ الْبُخَارِي)

അബ്ദുല്ലാഹിബ്നു അംരിബ്നുൽ ആസ്വി ﷺ ൽനിന്നു നിവേദനം, നബി ﷺ പറഞ്ഞു: എന്നിൽനിന്നും ഒരു ആയത്തെങ്കിലും നിങ്ങൾ (മറ്റുളളവർക്ക് ) എത്തിച്ചു (പഠിപ്പിച്ചു) കൊടുക്കുക.

സംഗ്രഹം:

1-ഈ ഖുർആൻ വചനങ്ങളും നബിവചനങ്ങളും വിജ്ഞാനം, പണ്ഢിതർ എന്നിവരുടെ ശ്രേഷ്ഠത വ്യക്തമാക്കുന്നു. മതവിജ്ഞാനം നേടൽ അല്ലാഹു മനുഷ്യന്ന് നന്മ നൽകാൻ ഉദ്ദേശിക്കുന്നതിന്റെ തെളിവാണ്. വിജ്ഞാനം അന്വേഷിക്കലും കരസ്ഥമാക്കലും സ്വർഗ്ഗപ്രവേശനത്തിനു കാരണമാകും.

2-ജനങ്ങളെ പഠിപ്പിക്കലും നന്മയുടെ മാർഗം കാണിച്ചുകൊടുക്കലും വിജ്ഞാനം വളരെ കുറച്ചാണെങ്കിലും അവർക്കെത്തിച്ചുകൊടുക്കലും വളരെ മഹത്തായ കർമ്മമാകുന്നു. അത് മരണാനന്തരം മനുഷ്യന് ഏറ്റവും ഉപകാരമുളളതുമായിരിക്കും.

3-വിദ്യ കരസ്ഥമാക്കൽ സുന്നത്ത്(ഐച്ഛികം) ആയ ആരാധനാകർമ്മങ്ങളെക്കാൾ ശ്രേഷ്ഠമാകുന്നു.

4-സന്താനങ്ങൾക്ക് നല്ല വിജ്ഞാനവും, പരിപാലനവും നൽകാനുള്ള പ്രോത്സാഹനം.

## 6-നന്മ കൽപ്പിക്കുക തിന്മ വിരോധിക്കുക.

അല്ലാഹു പറയുന്നു:

كُنتُمْ خَيْرَ أُمَّةٍ أُخْرِجَتْ لِلنَّاسِ تَأْمُرُونَ بِٱلْمَعْرُوفِ وَتَنْهَوْنَ عَنِ ٱلْمُنكَرِ وَتُؤْمِنُونَ بِٱللَّهِ (آل عمران:١١٠)

മനുഷ്യവംശത്തിനു വേണ്ടി രംഗത്ത് കൊണ്ട്വരപ്പെട്ട ഉത്തമ സമുദായമാകുന്നു നിങ്ങൾ. നിങ്ങൾ സദാചാരം കൽപ്പിക്കുകയും ദുരാചാരത്തിൽനിന്ന് വിലക്കുകയും അല്ലാഹുവിൽ വിശ്വസിക്കുകയും ചെയ്യുന്നു. (ആലുഇംറാൻ-110)

وَلْتَكُن مِّنكُمْ أُمَّةٌ يَدْعُونَ إِلَى ٱلْخَيْرِ وَيَأْمُرُونَ بِٱلْمَعْرُوفِ وَيَنْهَوْنَ عَنِ ٱلْمُنكَرِ ۚ وَأُو۟لَٰٓئِكَ هُمُ ٱلْمُفْلِحُونَ ﴿١٠٤﴾

(آل عمران : ١٠٤)

നന്മയിലേക്ക് ക്ഷണിക്കുകയും സദാചാരം കൽപ്പിക്കുകയും ദുരാചാരത്തിൽനിന്ന് വിലക്കു

കയും ചെയ്യുന്ന ഒരു സമുദായം നിങ്ങളിൽ നിന്നും ഉണ്ടായിരിക്കട്ടെ, അവരത്രെ വിജയി കൾ. (ആലുഇംറാൻ–104)

عَنْ أَبِي سَعِيدٍ الْخُدْرِيِّ ﷺ قَالَ : سَمِعْتُ رَسُولَ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ يَقُولُ مَنْ رَأَى مِنْكُمْ مُنْكَرًا فَلْيُغَيِّرْهُ بِيَدِهِ فَإِنْ لَمْ يَسْتَطِعْ فَبِلِسَانِهِ فَإِنْ لَمْ يَسْتَطِعْ فَبِقَلْبِهِ وَذَلِكَ أَضْعَفُ الْإِيمَانِ (رَوَاهُ مُسْلِم)

അബൂസഊദിൽഖുദ്രി ﷺ യിൽനിന്ന് നിവേദ നം, നബി ﷺ പറയുന്നതായി ഞാൻ കേട്ടിരി ക്കുന്നു: ആരെങ്കിലും ഒരു തെറ്റുചെയ്യുന്നതായി നിങ്ങളാരെങ്കിലും കണ്ടാൽ, അതിനെ അവന്റെ കൈകൊണ്ട് തടയണം. അതിനു സാധ്യമ ല്ലെങ്കിൽ അവന്റെ നാവുകൊണ്ട് തടയണം. അതിനും സാധ്യമല്ലെങ്കിൽ മനസ്സുകൊണ്ട് വെറു ക്കണം. വിശ്വാത്തസത്തിന്റെ ഏറ്റവും താഴ്ന്ന പടിയാണത്.

عَنْ حُذَيْفَةَ بْنِ الْيَمَانِ ﷺ عَنِ النَّبِيِّ صَلَّى اللَّه عَلَيْهِ وَسَلَّمَ قَالَ وَالَّذِي نَفْسِي بِيَدِهِ لَتَأْمُرُنَّ بِالْمَعْرُوفِ وَلَتَنْهَوُنَّ عَنِ الْمُنْكَرِ أَوْ لَيُوشِكَنَّ اللَّهُ أَنْ يَبْعَثَ عَلَيْكُمْ عِقَابًا مِنْهُ ثُمَّ تَدْعُونَهُ فَلَا يُسْتَجَابُ لَكُمْ
(رَوَاهُ التِّرْمِذِيُّ)

ഹുദയ്ഫ ﷺ യിൽനിന്ന് നിവേദനം, നബി ﷺ പറഞ്ഞു: എന്റെ ആത്മാവ് ആരുടെ കയ്യി

ലാണോ, അവൻ (അല്ലാഹു) തന്നെയാണ് സത്യം, നിങ്ങൾ സദാചാരം കൽപ്പിക്കുകയും ദുരാചാരംവിരോധിക്കുകയും തന്നെവേണം. അല്ലാത്തപക്ഷം അല്ലാഹു നിങ്ങളുടെ മേൽ ശിക്ഷ അയക്കും. പിന്നീട് നിങ്ങൾ പ്രാർത്ഥിച്ചാൽ ഉത്തരം ലഭിക്കില്ല.

عَنْ أَبِي بَكْرٍ الصِّدِّيقِ ﷺ قَالَ : سَمِعْتُ رَسُولَ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ يَقُولُ : إِنَّ النَّاسَ إِذَا رَأَوُا الظَّالِمَ فَلَمْ يَأْخُذُوا عَلَى يَدَيْهِ أَوْشَكَ أَنْ يَعُمَّهُمُ اللَّهُ بِعِقَابٍ مِنْهُ (رَوَاهُ أَبُودَاوُد والتِّرْمِذِيُّ وَالنَّسَائِيُّ)

അബൂബകർ സിദ്ദീഖ് ﷺ പറഞ്ഞു: റസൂൽ ﷺ പറയുന്നത് ഞാൻ കേട്ടിരിക്കുന്നു: ഒരാൾ അക്രമം പ്രവർത്തിക്കുന്നത് ജനങ്ങൾ കണ്ടിട്ട് .അവനെ ആരും തടയുന്നില്ല. ശിക്ഷ അവരെ വ്യാപകമായി പിടികൂടാൻ അതുമതി. (അബൂദാവൂദ്, തിർമദി, നസാഈ)

സംഗ്രഹം:

1–സദാചാരം കൽപ്പിക്കലും ദുരാചാരം വിരോധിക്കലും വിജയത്തിനുള്ള കാരണങ്ങളാണ്.

2–ദുരാചാരം കാണാനിടയായാൽ തന്റെ കഴിവനുസരിച്ച് അതു തടയേണ്ടതാകുന്നു.

3–പിതാവ് തന്റെ വീട്ടിലും, ഭരണാധികാരിയോ, അദ്ദേഹത്തിന്റെ പ്രതിനിധിയോ ഭരണീയരിലുമുള്ള ദുരാചാരത്തെ (അധികാരം) ഉപയോഗിച്ചു

തടയേണ്ടതാണ്.

4-തെറ്റുകാരനെ വെറുക്കലും അവനുമായി അകന്നുനിൽക്കലുമാണ് ഹൃദയംകൊണ്ടുള്ള തടയൽ.

5-നന്മ കൽപ്പിക്കുക തിന്മവിരോധിക്കുക എന്നിവ ചെയ്യാതിരിക്കൽ പ്രാർത്ഥനക്ക് ഉത്തരം ലഭിക്കാതിരിക്കാനും അല്ലാഹുവിന്റെ ശിക്ഷക്കും കാരണമാകും.

## 7-നന്മ കൽപ്പിക്കാനും തിന്മവിരോധിക്കാനുമുള്ള മര്യാദകൾ

അല്ലാഹു പറയുന്നു:

ٱدْعُ إِلَىٰ سَبِيلِ رَبِّكَ بِٱلْحِكْمَةِ وَٱلْمَوْعِظَةِ ٱلْحَسَنَةِ وَجَٰدِلْهُم بِٱلَّتِى هِىَ أَحْسَنُ (النحل : ١٢٥)

യുക്തിദീക്ഷയോടു കൂടിയും സദുപദേശം മുഖേനയും നിന്റെ രക്ഷിതാവിന്റെ മാർഗത്തിലേക്ക് നീ ക്ഷണിച്ചുകൊള്ളുക. ഏറ്റവും നല്ല രീതിയിൽ അവരുമായി നീ സംവാദം നടത്തുകയും ചെയ്യുക. (അന്നഹ്ൽ-125)

فَبِمَا رَحْمَةٍ مِّنَ ٱللَّهِ لِنتَ لَهُمْ ۖ وَلَوْ كُنتَ فَظًّا غَلِيظَ ٱلْقَلْبِ لَٱنفَضُّوا۟ مِنْ حَوْلِكَ ( آل عمران : ١٥٩)

(നബിയേ) അല്ലാഹുവിങ്കൽ നിന്നുള്ള കാരുണ്യം കൊണ്ടാണ് നീ അവരുമായി സൗമ്യമായി പെരുമാറിയത്. നീയൊരു പരുഷസ്വഭാവിയും കഠിന ഹൃദയനുമായിരുന്നെങ്കിൽ നിന്റെ ചുറ്റിൽനിന്നും അവർ പിരിഞ്ഞുപോയിക്കളയുമായിരുന്നു. (ആലുഇംറാൻ-159)

عَنْ عَائِشَةَ رَضِي اللّه عَنْهَا قَالَتْ قَالَ رَسُولُ اللَّهِ صَلَّى اللّه عَلَيْهِ وَسَلَّمَ : إِنَّ اللهَ رَفِيقٌ يُحِبُّ الرِّفْقَ فِي الْأَمْرِ كُلِّهِ (متفق عليه)

ആയിശ ﵂ യിൽനിന്നു നിവേദനം, നബി ﷺ പറഞ്ഞു: അല്ലാഹു സൗമ്യനാകുന്നു. എല്ലാകാര്യത്തിലും സൗമ്യതഅവൻ ഇഷ്ടപ്പെടുന്നു.

عَنْ عَائِشَةَ رَضِي اللّه عَنْهَا عَنِ النَّبِيِّ صَلَّى اللّه عَلَيْهِ وَسَلَّمَ قَالَ إِنَّ الرِّفْقَ لَا يَكُونُ فِي شَيْءٍ إِلَّا زَانَهُ وَلَا يُنْزَعُ مِنْ شَيْءٍ إِلَّا شَانَهُ (رَوَاهُ مُسْلِم)

ആയിശ﵂ യിൽനിന്നു നിവേദനം, നബിﷺ പറഞ്ഞു: വിനയം ഏതൊരു വസ്തുവിനെയും ഭംഗിയുള്ളതാക്കുന്നു. വിനയമില്ലാത്ത ഏതൊരു കാര്യവും അഭംഗിയുള്ളതായിത്തീരും. (മുസ്‌ലിം)

عَنْ جَرِيرِ بْنِ عَبْدِ اللهِ ﵁ قَالَ سَمِعْتُ رَسُولَ اللَّهِ صَلَّى اللّه عَلَيْهِ وَسَلَّمَ يَقُولُ مَنْ يُحْرَمِ الرِّفْقَ يُحْرَمِ الْخَيْرَ (رَوَاهُ مُسْلِم)

ജരീറുബ്നു അബ്ദില്ല ﷺ യിൽനിന്നു നിവേദനം, നബി ﷺ പറയുന്നതായി ഞാൻ കേട്ടിട്ടുണ്ട്: വിനയം ഇല്ലാത്തവന്ന് എല്ലാനന്മയും തടയപ്പെടും. (മുസ്‌ലിം)

**സംഗ്രഹം:**

1-നന്മ കൽപ്പിക്കുക, തിന്മ വിരോധിക്കുക, പ്രബോധനപ്രവർത്തനങ്ങൾ നടത്തുക, എന്നീ കാര്യങ്ങളിൽ യുക്തിപരവും വിനയ പൂർണ്ണവുമായ മാർഗങ്ങൾ സ്വീകരിക്കാനുള്ള പ്രേരണ.

## 8-മാതാപിതാക്കൾ

അല്ലാഹു പറയുന്നു:

وَوَصَّيْنَا ٱلْإِنسَـٰنَ بِوَٰلِدَيْهِ حُسْنًا (العنكبوت : ٨)

മനുഷ്യനോട് അവന്റെ മാതാപിതാക്കളുടെ കാര്യത്തിൽ നന്മ ചെയ്യുവാൻ നാം അനുശാസിച്ചിരിക്കുന്നു. (അൻകബൂത്-8)

وَقَضَىٰ رَبُّكَ أَلَّا تَعْبُدُوٓا۟ إِلَّآ إِيَّاهُ وَبِٱلْوَٰلِدَيْنِ إِحْسَـٰنًا ۚ إِمَّا يَبْلُغَنَّ عِندَكَ ٱلْكِبَرَ أَحَدُهُمَآ أَوْ كِلَاهُمَا فَلَا تَقُل لَّهُمَآ أُفٍّ وَلَا تَنْهَرْهُمَا وَقُل لَّهُمَا قَوْلًا كَرِيمًا

(الإسراء : ٢٣)

തന്നെയല്ലാതെ നിങ്ങൾ ആരാധിക്കരുതെന്നും മാതാപിതാക്കൾക്ക് നന്മ ചെയ്യണമെന്നും, നിന്റെ രക്ഷിതാവ് വിധിച്ചിരിക്കുന്നു. അവരിൽ (മാതാ പിതാക്കളിൽ) ഒരാളോ, അവരിൽ രണ്ടുപേരും തന്നെയോ, നിന്റെയടുക്കൽ വാർദ്ധക്യം പ്രാപി ക്കുകയാണെങ്കിൽ അവരോട് നീ "ഛെ" എന്ന് പറയുകയോ, അവരോട് കയർക്കുകയോ ചെയ്യരുത്. (ഇസ്റാഅ്-23)

وَوَصَّيْنَا ٱلْإِنسَٰنَ بِوَٰلِدَيْهِ حَمَلَتْهُ أُمُّهُۥ وَهْنًا عَلَىٰ وَهْنٍ وَفِصَٰلُهُۥ فِى عَامَيْنِ أَنِ ٱشْكُرْ لِى وَلِوَٰلِدَيْكَ

(لقمان : ١٤)

മനുഷ്യന് അവന്റെ മാതാപിതാക്കളുടെ കാര്യ ത്തിൽ നാം അനുശാസനം നൽകിയിരിക്കുന്നു. ക്ഷീണത്തിനു മേൽ ക്ഷീണവുമായിട്ടാണ് മാതാവ് അവനെ ഗർഭം ചുമന്നത്. അവന്റെ മുല കുടി നിർത്തുന്നകാലമാകട്ടെ രണ്ട് വർഷംകൊണ്ടുമാണ്. എന്നോടും നിന്റെ മാതാ പിതാക്കളോടും നന്ദി കാണിക്കുക. (എന്നാണ് നാം അനുശാസിച്ചത്). (ലുഖ്മാൻ-14)

وَعَنْ عَبْدِاللَّهِ بْنِ مَسْعُودٍ ﷺ قَالَ : سَأَلْتُ النَّبِيَّ صَلَّى اللَّه عَلَيْهِ وَسَلَّمَ أَيُّ الْعَمَلِ أَحَبُّ إِلَى اللَّهِ قَالَ الصَّلَاةُ

عَلَى وَقْتِهَا قَالَ ثُمَّ أَيٌّ قَالَ بِرُّ الْوَالِدَيْنِ قَالَ ثُمَّ أَيٌّ قَالَ الْجِهَادُ فِي سَبِيلِ اللَّهِ ( متفق عليه)

അബ്ദില്ലാഹിബ്നുമസ്ഊദ് ﷺ യിൽനിന്ന് നിവേദനം, ഏതു പ്രവൃത്തിയാണ് അല്ലാഹുവിന് ഏറ്റവും പ്രിയമെന്ന് ഞാൻ നബി ﷺ യോടു ചോദിച്ചു. അദ്ദേഹം പറഞ്ഞു: നമസ്കാരം കൃത്യ സമയത്ത് നിർവ്വഹിക്കൽ.പിന്നെ ഏതാണെന്ന് ഞാൻ ചേദിച്ചു. അദ്ദേഹം പറഞ്ഞു: മാതാപിതാക്കൾക്ക് ഗുണം ചെയ്യൽ .പിന്നെ ഏതാണെന്ന് ഞാൻ ചേദിച്ചു. അദ്ദേഹം പറഞ്ഞു: അല്ലാഹുവിന്റെ മാർഗത്തിലുള്ള ജിഹാദ്.

عَنْ أَبِي هُرَيْرَةَ ﷺ قَالَ جَاءَ رَجُلٌ إِلَى رَسُولِ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ فَقَالَ يَا رَسُولَ الله مَنْ أَحَقُّ النَّاسِ بِحُسْنِ صَحَابَتِي قَالَ أُمُّكَ قَالَ ثُمَّ مَنْ قَالَ أُمُّكَ قَالَ ثُمَّ مَنْ قَالَ أُمُّكَ قَالَ ثُمَّ مَنْ قَالَ أَبُوكَ ( متفق عليه)

അബൂഹുറയ്റ ﷺ യിൽനിന്നു നിവേദനം, ഒരു മനുഷ്യൻ നബി ﷺ യുടെ അടുക്കൽ വന്നു ചോദിച്ചു: നബിയേ എന്റെ നല്ലസഹവാസത്തിന് ജനങ്ങളിൽ ഏറ്റവും കടപ്പെട്ടവൻ ആരാകുന്നു? നബി: നിന്റെ മാതാവ്. ആഗതൻ, പിന്നെയാരാണ്? –നബി: നിന്റെ മാതാവ്. ആഗതൻ,

പിന്നെയാരാണ്? നബി: നിന്റെ മാതാവ്. ആഗതൻ, പിന്നെയാരാണ്? നബി: നിന്റെ മാതാവ്.

സംഗ്രഹം:

1-ഇസ്ലാം മാതാപിതാക്കളെ ആദരിക്കുന്നു. അവരെ അനുസരിക്കാനും അവർക്ക് നന്മചെയ്യാനും കൽപ്പിക്കുന്നു.

2- നമസ്കാരം കൃത്യ സമയത്ത്നിർവ്വഹിക്കുന്നത് കഴിഞ്ഞാൽ അല്ലാഹുവിന്ന് ഏറ്റവും ഇഷ്ടപ്പെട്ട പ്രവൃത്തി മാതാപിതാക്കൾക്ക് നന്മ ചെയ്യലാണ്.

3-അവരോട് നന്ദികേട് കാണിക്കൽ, ചീത്തവാക്കുപറയൽ, ചീത്തപെരുമാറ്റം എന്നിവക്കെതിരെയുളള താക്കീത്.

4-നന്മയുടെയും അനുസരണത്തിന്റെയും കാര്യത്തിൽ പിതാവിനെക്കാൾ സ്ഥാനം മാതാവിനാകുന്നു.

## 9-സൽസ്വഭാവം

അല്ലാഹു പറയുന്നു:

وَإِنَّكَ لَعَلَىٰ خُلُقٍ عَظِيمٍ ﴿٤﴾ ( القلم : ٤ )

തീർച്ചയായും നീ മഹത്തായ സ്വഭാവത്തിലാകുന്നു. (ഖലം-4)

فَبِمَا رَحْمَةٍ مِّنَ ٱللَّهِ لِنتَ لَهُمْ ۖ وَلَوْ كُنتَ فَظًّا غَلِيظَ ٱلْقَلْبِ لَٱنفَضُّوا۟ مِنْ حَوْلِكَ ( آل عمران : ١٥٩)

(നബിയേ) അല്ലാഹുവിങ്കൽ നിന്നുള്ള കാരുണ്യം കൊണ്ടാണ് നീ അവരുമായി സൗമ്യമായി പെരുമാറിയത്. നീ യൊരു പരുഷസ്വഭാവിയും കഠിന ഹൃദയനുമായിരുന്നെങ്കിൽ നിന്റെ ചുറ്റിൽനിന്നും അവർ പിരിഞ്ഞുപോയിക്കളയുമായിരുന്നു.
(ആലുഇംറാൻ-159)

عَنْ أَبِي الدَّرْدَاءِ ﷺ أَنَّ النَّبِيَّ صَلَّى اللَّه عَلَيْهِ وَسَلَّمَ قَالَ مَا شَيْءٌ أَثْقَلُ فِي مِيزَانِ الْمُؤْمِنِ يَوْمَ الْقِيَامَةِ مِنْ خُلُقٍ حَسَنٍ وَإِنَّ اللَّهَ لَيُبْغِضُ الْفَاحِشَ الْبَذِيءَ (رَوَاهُ التِّرْمِذِيُّ)

അബുദർദാഅ് ﷺ യിൽനിന്നു നിവേദനം, നബി ﷺ പറഞ്ഞു: അന്ത്യദിനത്തിൽ സത്യവിശ്വാസിയുടെ ത്രാസിൽ സൽസ്വഭാവത്തെക്കാൾ ഭാരമുള്ള ഒരുവസ്തുവും ഉണ്ടായിരിക്കില്ല. ചീത്തവാക്കുകൾ പറയുന്നവനോട് അല്ലാഹു കോപിക്കും.

عَنْ أَبِي هُرَيْرَةَ ﷺ قَالَ سُئِلَ رَسُولُ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ عَنْ أَكْثَرِ مَا يُدْخِلُ النَّاسَ الْجَنَّةَ فَقَالَ تَقْوَى اللَّهِ وَحُسْنُ الْخُلُقِ (رَوَاهُ التِّرْمِذِيُّ)

അബൂഹുറയ്റ ﷺ യിൽനിന്നു നിവേദനം, ജനങ്ങളുടെ സ്വർഗപ്രവേശനത്തിന്ന് കൂടുതൽ കാരണമാകുന്ന കാര്യമേതെന്ന് നബി ﷺ യോട് ചോദിക്കപ്പെട്ടപ്പോൾ നബി ﷺ പറഞ്ഞു: ഭയഭക്തി(തഖ്‌വ)യും സൽസ്വഭാവവും.

عَنْ أَبِي هُرَيْرَةَ ﷺ قَالَ قَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ أَكْمَلُ الْمُؤْمِنِينَ إِيمَانًا أَحْسَنُهُمْ خُلُقًا وَخِيَارُكُمْ خِيَارُكُمْ لِنِسَائِهِمْ خُلُقًا (رَوَاهُ التِّرْمِذِيُّ)

അബൂഹുറയ്റ ﷺ യിൽനിന്നു നിവേദനം, നബി ﷺ പറഞ്ഞു: സത്യവിശ്വാസികളിൽ വിശ്വാസം പൂർണ്ണമായവൻ സൽസ്വഭാവമുള്ളവനാകുന്നു. നിങ്ങളിൽ ഏറ്റവും ഉത്തമൻ നിങ്ങളുടെ ഭാര്യമാരോട് നല്ലനിലയിൽ വർത്തിക്കുന്നവനാകുന്നു.

عَنْ عَائِشَةَ رَضِيَ الله عَنْهَا قَالَتْ : سَمِعْتُ رَسُولَ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ يَقُولُ إِنَّ الْمُؤْمِنَ لَيُدْرِكُ بِحُسْنِ خُلُقِهِ دَرَجَةَ الصَّائِمِ الْقَائِمِ (رَوَاهُ أَبُودَاوُد)

ആയിശ ﷺ യിൽനിന്നു നിവേദനം, നബി ﷺ പറയുന്നതായി ഞാൻ കേട്ടിരിക്കുന്നു: ഒരു സത്യവിശ്വാസി തന്റെ സൽസ്വഭാവംകൊണ്ട്, പകൽ നോമ്പെടുക്കുകയും രാത്രി നമസ്കരിക്കുകയും ചെയ്യുന്നവന്റെ പദവിയിലെത്തും.

## സംഗ്രഹം:

1–നബി ﷺ ഏറ്റവും നല്ല സ്വഭാവക്കാരനായിരുന്നു.

2–സൽസ്വഭാവം വളരെ ശ്രേഷ്ഠമായതും മനുഷ്യന്റെപദവി ഉയർത്തുന്നതും മനുഷ്യനെ സ്വർഗത്തിൽ പ്രവേശിക്കുന്നതുമാണ്. അന്ത്യദിനത്തിൽ മനുഷ്യന്റെ പ്രവർത്തനങ്ങൾ തൂക്കിക്കണക്കാക്കുന്നതാണ്. മുസ്ലിമിന്റെ ത്രാസിൽ ഏറ്റവും കനം തൂങ്ങുന്നത് സൽസ്വഭാവവും ഭയഭക്തിയുമായിരിക്കും.

3–നല്ല വാക്കുകൾ പറയാനും സൽപ്രവർത്തനങ്ങൾ ചെയ്യാനും ഇതു പ്രേരിപ്പിക്കുന്നു. ചീത്തവാക്കും പ്രവൃത്തിയേ കുറിച്ചുള്ള താക്കീതുമുണ്ട്.

4–ഭാര്യാഭർത്താക്കൾക്കിടയിൽ നല്ല പെരുമാറ്റത്തിന്റെ പ്രാധാന്യം

5–അനുസരണംകൊണ്ട് വിശ്വാസം വർദ്ധിക്കുകയും അനുസരണക്കേട് ഈമാൻ കുറക്കുകയും ചെയ്യും.

## 10)വിനയവും സൗമ്യതയും

അല്ലാഹു പറയുന്നു:

فَبِمَا رَحْمَةٍ مِّنَ ٱللَّهِ لِنتَ لَهُمْ ۖ وَلَوْ كُنتَ فَظًّا غَلِيظَ ٱلْقَلْبِ لَٱنفَضُّوا۟ مِنْ حَوْلِكَ ( آل عمران : ١٥٩)

(നബിയേ) അല്ലാഹുവിങ്കൽ നിന്നുള്ള കാരുണ്യം കൊണ്ടാണ് നീ അവരുമായി സൗമ്യമായി പെരുമാറിയത്. നീയൊരു പരുഷസ്വഭാവിയും കഠിന ഹൃദയനുമായിരുന്നെങ്കിൽ നിന്റെ ചുറ്റിൽനിന്നും അവർ പിരിഞ്ഞുപോയിക്കളയുമായിരുന്നു.
(ആലുഇംറാൻ-159)

عَنْ عَائِشَةَ رَضِيَ اللَّه عَنْهَا قَالَتْ قَالَ رَسُولُ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ : إِنَّ اللهَ رَفِيقٌ يُحِبُّ الرِّفْقَ فِي الْأَمْرِ كُلِّهِ (متفق عليه)

ആയിശ (റ) യിൽനിന്നു നിവേദനം, റസൂൽ (ﷺ) പറഞ്ഞു: അല്ലാഹു വിനയമുള്ളവനാകുന്നു. അവൻ എല്ലാകാര്യത്തിലും വിനയം ഇഷ്ടപ്പെടുന്നു.

عَنِ ابْنِ عَبَّاسٍ رَضِيَ اللَّه عَنْهما قَالَ : قَالَ رَسُولُ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ لِلْأَشَجِّ أَشَجِّ عَبْدِ الْقَيْسِ إِنَّ فِيكَ خَصْلَتَيْنِ يُحِبُّهُمَا اللَّهُ الْحِلْمُ وَالْأَنَاةُ (رَوَاهُ مُسْلِم)

അബ്ദുല്ലാഹിബ്നുഅബ്ബാസ്ﷺയിൽനിന്നു നിവേദനം, റസൂൽﷺ അശജ് അബ്ദിൽഖൈസിനോട് പറഞ്ഞു: അല്ലാഹു ഇഷ്ടപ്പെടുന്ന രണ്ടുകാര്യം നിന്നിലുണ്ട്. വിവേകവും സൗമ്യതയും.

عَنْ عَائِشَةَ رَضِيَ اللَّه عَنْهَا عَنِ النَّبِيِّ صَلَّى اللَّه عَلَيْهِ وَسَلَّمَ قَالَ إِنَّ الرِّفْقَ لَا يَكُونُ فِي شَيْءٍ إِلَّا زَانَهُ وَلَا يُنْزَعُ مِنْ شَيْءٍ إِلَّا شَانَهُ
(رَوَاهُ مُسْلِم)

ആയിശ ﷺ യിൽനിന്നു നിവേദനം, നബി ﷺ പറഞ്ഞു: വിനയം ഏതൊരു വസ്തുവിനേയും ഭംഗിയുള്ളതാക്കുന്നു. വിനയമില്ലാത്ത ഏതൊരു കാര്യവും അഭംഗിയുള്ളതായിത്തീരും.

عَنْ جَرِيرِ بْنِ عَبْدِ اللهِ ﷺ قَالَ سَمِعْتُ رَسُولَ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ يَقُولُ مَنْ يُحْرَمِ الرِّفْقَ يُحْرَمِ الْخَيْرَ (رَوَاهُ مُسْلِم)

ജരീറുബ്നു അബ്ദില്ലﷺ യിൽനിന്നു നിവേദനം, നബിﷺ പറയുന്നതായി ഞാൻ കേട്ടിട്ടുണ്ട്: ആർ വിനയം ഇല്ലാത്തവനാകുന്നുവോ എല്ലാനന്മകളും നിഷേധിക്കപ്പെടും.

## സംഗ്രഹം

1–വിനയം അല്ലാഹുവിന്ന് വളരെ ഇഷ്ടമാണ്. വിനയം നന്മകൾ നേടിത്തരും.

2–സൃഷ്ടിളോട് വിനയത്തിലും സൗമ്യതയിലും പെരുമാറൽ സ്വർഗ്ഗാവകാശികളുടെ വിശേഷണ ത്തിൽ പെട്ടതാകുന്നു.

3–സഹനത്തിന്റെ ശ്രേഷ്ഠത, കോപത്തെ കുറി ച്ചുള്ള താക്കീത്.

## 11–കാരുണ്യം

അല്ലാഹു നബി ﷺ യെകുറിച്ച് പറയുന്നു:

بِٱلْمُؤْمِنِينَ رَءُوفٌ رَّحِيمٌ ﴿١٢٨﴾ (التوبة : ١٢٨)

സത്യവിശ്വാസികളോട് ദയാലുവും, കാരുണ്യ വാനുമാണ് അദ്ദേഹം. (തൗബ–128)

സത്യവിശ്വാസികളെ കുറിച്ച് അല്ലാഹു പറ യുന്നു:

رُحَمَآءُ بَيْنَهُمْ (الفتح : ٢٩)

അവർ അന്യോന്യം ദയാലുക്കളുമാകുന്നു. (ഫത്ഹ്– 29)

عَنْ جَرِير بْنِ عَبْدِ اللهِ ﷺ قَالَ سَمِعْتُ رَسُولَ اللّـهِ صَلَّى اللّه عَلَيْهِ وَسَلَّمَ يَقُولُ : لاَ يَرْحَمُ اللهُ مَنْ لاَ يَرْحَمُ النَّاسَ ( مُتَفَقٌ عَلَيْهِ )

ജരീറുബ്നു അബ്ദില്ലﷺ യിൽനിന്നു നിവേദനം, റസൂൽ ﷺ പറഞ്ഞു: മനുഷ്യരോട് കരുണ കാണിക്കാത്തവരോട് അല്ലാഹു കരുണ കാണിക്കുയില്ല.

عَنْ أَبِي هُرَيْرَةَ ﷺ قَالَ سَمِعْتُ أَبَا الْقَاسِمِ صَلَّى اللَّـــه عَلَيْهِ وَسَلَّمَ يَقُولُ لَا تُنْزَعُ الرَّحْمَةُ إِلَّا مِنْ شَقِيٍّ (رَوَاهُ احْمَد والتِّرْمِذِيُّ)

അബൂഹുറയ്റ ﷺ യിൽനിന്നു നിവേദനം, അബുൽഖാസിം (മുഹമ്മദ് നബി ﷺ പറയുന്നതായി ഞാൻ കേട്ടിരിക്കുന്നു: നിർഭാഗ്യവാനിൽ നിന്നല്ലാതെ കരുണ നീക്കപ്പെടുകയില്ല.

സംഗ്രഹം

1) കരുണ സത്യവിശ്വാസികളിൽ പെട്ടതാണ്.
2) ജനങ്ങളോട് കരുണ കാണിക്കൽ അല്ലാഹുവിന്റെ കരുണക്ക് കാരണമാകും.
3) മനസ്സിൽനിന്നും കരുണ നഷ്ടപ്പെടൽ നിർഭാഗ്യത്തിന്റെ ലക്ഷണമാകുന്നു.

## 12) അക്രമം; നിഷിദ്ധം

അല്ലാഹു പറയുന്നു:

مَا لِلظَّٰلِمِينَ مِنْ حَمِيمٍ وَلَا شَفِيعٍ يُطَاعُ ﴿١٨﴾ ( غافر: ١٨)

അക്രമകാരികൾക്ക് ഉറ്റബന്ധുവായോ, സ്വീകാര്യനായ ശുപാർശകനായോ, ആരും തന്നെയില്ല.(ഗാഫിർ–18)

عَنْ أَبِي ذَرٍّ ﷺ عَنِ النَّبِيِّ صَلَّى اللَّه عَلَيْهِ وَسَلَّمَ فِيمَا رَوَى عَنِ اللَّهِ تَبَارَكَ وَتَعَالَى أَنَّهُ قَالَ يَا عِبَادِي إِنِّي حَرَّمْتُ الظُّلْمَ عَلَى نَفْسِي وَجَعَلْتُهُ بَيْنَكُمْ مُحَرَّمًا فَلَا تَظَالَمُوا ... الحديث (رَوَاهُ مُسْلِم)

അബൂദർ ﷺ ൽനിന്നു നിവേദനം, അല്ലാഹു പറഞ്ഞതായി മുഹമ്മദ് ﷺ ഉദ്ധരിക്കുന്നു: എന്റെ ദാസന്മാരേ, ഞാനെന്റെ മേൽ അക്രമം നിഷിദ്ധമാക്കിയിരിക്കുന്നു. നിങ്ങൾക്കിടയിലും ഞാനത് നിഷിദ്ധമാക്കിയിരിക്കുന്നു. അതുകൊണ്ട് നിങ്ങൾ പരസ്പരം അക്രമിക്കരുത്. (ഹദീഥ്)

عَنْ جَابِرِ بْنِ عَبْدِ اللَّهِ ﷺ أَنَّ رَسُولَ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ قَالَ اتَّقُوا الظُّلْمَ فَإِنَّ الظُّلْمَ ظُلُمَاتٌ يَوْمَ الْقِيَامَةِ ... (رَوَاهُ مُسْلِم)

ജാബിർ ﷺ ൽ നിന്നും നിവേദനം, റസൂൽ ﷺ പറഞ്ഞു: അക്രമത്തെ നിങ്ങൾ സൂക്ഷിക്കുക കാരണം അക്രമം അന്ത്യദിനത്തിലെ അന്ധകാരങ്ങളാകുന്നു.

عَنْ مُعَاذِ بْنِ جَبَلٍ﷜ فِي حَدِيث بَعْثِهِ إِلَـــى الْـــيَمَن أَنَّ رَسُولُ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ قَـــالَ وَاتَّـــقِ دَعْـــوَةَ الْمَظْلُومِ فَإِنَّهُ لَيْسَ بَيْنَهَا وَبَيْنَ اللَّهِ حِجَابٌ (متفق عليه)

മുആദുബ്നുജബൽ ﷺ ൽ നിന്നു നിവേദനം, അദ്ദേഹത്തെ യമനിലേക്കു നിയോഗിച്ചപ്പോൾ നബി ﷺ അദ്ദേഹത്തോട് പറഞ്ഞു: മർദ്ദിതനന്റെ പ്രാർത്ഥനയെ നീ സൂക്ഷിക്കുക. ആ പ്രാർത്ഥ്നക്കും അല്ലാഹുവിനുമിടയിൽ യാതൊരു മറയും ഉണ്ടായിരിക്കില്ല.

عَنْ أَبِي هُرَيْرَةَ رَضِي اللَّه عَنْه قَالَ قَالَ رَسُولُ اللَّـــهِ صَلَّى اللَّه عَلَيْهِ وَسَلَّمَ مَنْ كَانَتْ لَهُ مَظْلَمَةٌ لِأَخِيهِ مِـــنْ عِرْضِهِ أَوْ شَيْءٍ فَلْيَتَحَلَّلْهُ مِنْهُ الْيَوْمَ قَبْلَ أَنْ لَا يَكُـــونَ دِينَارٌ وَلَا دِرْهَمٌ إِنْ كَانَ لَهُ عَمَلٌ صَالِحٌ أُخِذَ مِنْهُ بِقَـــدْرِ مَظْلَمَتِهِ وَإِنْ لَمْ تَكُنْ لَهُ حَسَنَاتٌ أُخِذَ مِنْ سَيِّئَاتِ صَاحِبِهِ فَحُمِلَ عَلَيْهِ (رَوَاهُ الْبُخَارِي)

അബൂഹുറയ്റ ﷺ യിൽനിന്നു നിവേദനം, നബി ﷺ പറഞ്ഞു: ആരുടെയെങ്കിലും കയ്യിൽ തന്റെ സഹോദരന്റെ അഭിമാനമോ, മറ്റുവല്ലതുമോ

കവർന്നെടുത്തതായി ഉണ്ടെങ്കിൽ ദീനാറിന്നും ദിർഹമിന്നും വിലയില്ലാതാകുന്ന (അന്ത്യ) ദിനത്തിനു മുമ്പ് അവൻ എടപാടുകൾ തീർത്തു കൊളളട്ടെ. (അവൻ മടക്കിക്കൊടുത്തില്ലെങ്കിൽ അന്ന്) അവന്റെ സൽകർമ്മങ്ങളെടുത്ത് തന്റെ കവർച്ചസ്വത്തിന്റെ തോതനുസരിച്ച്, മർദ്ദിതന് കൊടുക്കപ്പെടും. അവന് യാതൊരു സൽകർമവും (കൊടുക്കാൻ) ഇല്ലെങ്കിൽ മർദ്ദിതന്റെ പാപങ്ങൾ ഇവന്റെ മേൽ ചുമത്തപ്പെടും.

സം ഗ്രഹം:

1) അക്രമം നിഷിദ്ധമാകുന്നു. അതിൽനിന്നും പിന്തിരിയുക.

2) ഇഹത്തിലും പരത്തിലും അക്രമത്തിന് കിട്ടുന്ന ശിക്ഷ.

3) മർദ്ദകനെതിരിൽ മർദ്ദിതനൻ ചെയ്യുന്ന പ്രാർത്ഥനക്ക് ഉത്തരം നൽകപ്പെടും തീർച്ച.

## 13) മുസ്ലിമിന്റെ ജീവൻ ആദരിക്കൽ.

അല്ലാഹു പറയുന്നു:

وَمَن يَقْتُلْ مُؤْمِنًا مُّتَعَمِّدًا فَجَزَآؤُهُۥ جَهَنَّمُ خَٰلِدًا فِيهَا وَغَضِبَ ٱللَّهُ عَلَيْهِ وَلَعَنَهُۥ وَأَعَدَّ لَهُۥ عَذَابًا عَظِيمًا ﴿٩٣﴾

(النساء : ٩٣)

ആരെങ്കിലും ഒരു സത്യവിശ്വാസിയെ മന പൂർവ്വം കൊലപ്പെടുത്തുന്ന പക്ഷം അവനുള്ള പ്രതിഫലം നരകമാകുന്നു. അവനതിൽ നിത്യവാ സിയായിരിക്കും. അവന്റെ മേൽ അല്ലാഹു കോപിക്കുകയും അവനെ ശപിക്കുകയും ചെയ്തിരിക്കുന്നു. കനത്ത ശിക്ഷയാണ് അല്ലാഹു അവന് വേണ്ടി ഒരുക്കിവെച്ചിരിക്കുന്ന ത്. (അന്നിസാഅ് –93)

عَنْ عَبْدِاللّٰهِ بن مسعود ﷺ قَالَ قَالَ النَّبِيُّ صَلَّى اللَّه عَلَيْهِ وَسَلَّمَ أَوَّلُ مَا يُقْضَى بَيْنَ النَّاسِ فِي الدِّمَاءِ (متفق عليه)

അബ്ദുല്ലാഹിബ്നുമസ്ഊദ് ﷺ യിൽനിന്ന് നിവേദനം റസൂൽ ﷺ പറഞ്ഞു: അന്ത്യനാളിൽ മനുഷ്യർക്കിടയിൽ ആദ്യമായി വിധി നടപ്പാ ക്കുക മനുഷ്യന്റെ ചിന്തപ്പെടുന്ന രക്തത്തിന്റെ കാര്യത്തിലായിരിക്കും.

عَنْ عَبْدِ اللّٰهِ ابْنِ عَمْرٍو ﷺ عَنِ النَّبِيِّ صَلَّى اللّٰه عَلَيْهِ وَسَلَّمَ قَالَ لَزَوَالُ الدُّنْيَا أَهْوَنُ عِنْدَ اللّٰهِ مِنْ قَتْلِ رَجُلٍ مُسْلِمٍ (رَوَاهُ النسائي و التِّرْمُذِيُّ)

അബ്ദുല്ലാഹിബ്നുഅംറ് ﷺ ൽനിന്ന് നിവേദനം റസൂൽ ﷺ പറഞ്ഞു: ഈലോകം ഒന്നടങ്കം നീങ്ങിപ്പോകുന്നത് അല്ലാഹുവിന്റെ അടുക്കൽ

ഒരു മുസ്ലിമായ മനുഷ്യനെ കൊല്ലുന്നതിനെക്കാൾ നിസ്സാരമാണ്.

സംഗ്രഹം:

1) മുസ്‌ലിമിനെ വധിക്കൽ മഹാപാപമാകുന്നു. അല്ലാഹുവിന്റെ അടുക്കൽ മുസ്‌ലിമിന്റെ സ്ഥാനം മഹത്തായതാകുന്നു.

2) രക്തം ചിന്തൽ മഹാപാപമാത് കൊണ്ടാണ്, അന്ത്യനാളിൽ ആദ്യം വിധിപറയപ്പെയുന്നത് അത് (രക്തം) ആയിത്തീർന്നത്.

3) കൊലയാളിക്ക് ഇഹലോകത്തുളളശിക്ഷ കൊലയും, പരലോകത്തിൽ ശാശ്വതനരകവുമാകുന്നു.

## 14) മുസ്‌ലിമിന്റെ കടമ

അല്ലാഹു പറയുന്നു:

إِنَّمَا ٱلْمُؤْمِنُونَ إِخْوَةٌ (الحجرات : ١٠)

സത്യവിശ്വാസികൾ പരസ്പരം സഹോദരങ്ങൾ തന്നെയാകുന്നു. (ഹുജറാത്ത്-10)

عَنْ أَبِي مُوسَى ﷺ عَنِ النَّبِيِّ صَلَّى اللَّه عَلَيْهِ وَسَلَّمَ قَالَ الْمُؤْمِنُ لِلْمُؤْمِنِ كَالْبُنْيَانِ يَشُدُّ بَعْضُهُ بَعْضًا (رَوَاهُ الْبُخَارِي)

അബൂമൂസൽ അശ്അരി ﷺ ൽനിന്ന് നിവേദനം റസൂൽ ﷺ പറഞ്ഞു: സത്യവിശ്വാസികൾ

തമ്മിൽ ഒരു കെട്ടിടം പോലെയാകുന്നു. അതിന്റെ ഒരുഭാഗം മറുഭാഗത്തിന് ശക്തി പകർന്നുകൊണ്ട് ബന്ധപ്പെട്ട് നിൽക്കുന്നു.

عَنْ أبِي هُرَيْرَةَ ﷺ قَالَ قَالَ رَسُولُ اللّهِ صَلَّى اللّهُ عَلَيْهِ وَسَلَّمَ الْمُسْلِمُ أخُو الْمُسْلِمِ لَا يَخُونُهُ وَلَا يَكْذِبُهُ وَلَا يَخْذُلُهُ كُلُّ الْمُسْلِمِ عَلَى الْمُسْلِمِ حَرَامٌ عِرْضُهُ وَمَالُهُ وَدَمُهُ التَّقْوَى هَا هُنَا بِحَسْبِ امْرِئٍ مِنَ الشَّرِّ أنْ يَحْتَقِرَ أخَاهُ الْمُسْلِمَ (رَوَاهُ التُّرْمُذِيُّ)

അബൂഹുറയ്റ ﵁ യിൽനിന്നു നിവേദനം, റസൂൽ ﷺ പറഞ്ഞു: മുസ്‌ലിം മുസ്‌ലിമിന്റെ സഹോദരനാകുന്നു. അവനെ വഞ്ചിക്കുകയോ കളവാക്കുകയോ, കയ്യൊഴിക്കുകയോ ഇല്ല. ഒരു മുസ്‌ലിമിന്റെ മുഴുവനും മറ്റൊരു മുസ്‌ലിമിന്ന് നിഷിദ്ധമാണ്. അവന്റെ ധനവും രക്തവും അഭി മാനവും. ഭയഭക്തി ഇവിടെ (മനസ്സിൽ) ആകു ന്നു. പാപമായിട്ട് തന്റെ മുസ്‌ലിം സഹോദരനെ നിന്ദിക്കൽതന്നെ മതി ഒരാൾക്ക്

عَنْ أنَسٍ رَضِيَ اللّه عَنْه عَنِ النَّبِيِّ صَلَّى اللّه عَلَيْهِ وَسَلَّمَ قَالَ : لَا يُؤْمِنُ أحَدُكُمْ حَتَّى يُحِبَّ لِأخِيهِ مَا يُحِبُّ لِنَفْسِهِ (رَوَاهُ الْبُخَارِي)

അനസ് ﵁ ൽ നിന്നു നിവേദനം, നബി ﷺ പറഞ്ഞു: തനിക്കിഷ്ടപ്പെടുന്നത് തന്റെ സഹോദ

രന്നും ഇഷ്ടപ്പെടുന്നതുവരെ നിങ്ങളാരും സത്യ വിശ്വാസിയാകുകയില്ല

عَنْ أَبِي هُرَيْرَةَ ﷺ قَالَ قَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ مَنْ نَفَّسَ عَنْ أَخِيهِ كُرْبَةً مِنْ كُرَبِ الدُّنْيَا نَفَّسَ اللَّهُ عَنْهُ كُرْبَةً مِنْ كُرَبِ يَوْمِ الْقِيَامَةِ وَمَنْ سَتَرَ مُسْلِمًا سَتَرَهُ اللَّهُ فِي الدُّنْيَا وَالْآخِرَةِ وَمَنْ يَسَّرَ عَلَى مُعْسِرٍ يَسَّرَ اللَّهُ عَلَيْهِ فِي الدُّنْيَا وَالْآخِرَةِ وَاللَّهُ فِي عَوْنِ الْعَبْدِ مَا كَانَ الْعَبْدُ فِي عَوْنِ أَخِيهِ (رَوَاهُ التِّرْمِذِيُّ)

അബൂഹുറയ്റ ﷺ യിൽനിന്നു നിവേദനം, റസൂൽ ﷺ പറഞ്ഞു: ഒരു മുസ്‌ലിമിന്റെ വിഷമം ആരെങ്കിലും, നീക്കിയാൽ, അന്ത്യനാളിൽ അവന്റെ വിഷമം അല്ലാഹു നീക്കിക്കൊടുക്കും. ബുദ്ധിമുട്ടുള്ള ഒരാളെ ആരെങ്കിലും സഹായി ച്ചാൽ, ഇഹത്തിലും പരത്തിലും അല്ലാഹു അവനെ സഹായിക്കും. ഒരു മുസ്‌ലിമിന്റെ (ന്യൂനത) ആരെങ്കിലും മറച്ചുവെച്ചാൽ ഇഹത്തിലും പരത്തിലും അവനെ മറച്ചുവെക്കും. ഒരു ദാസൻ തന്റെ സഹോദരനെ സഹായിക്കുമ്പോ ളെല്ലാം അല്ലാഹു ആ ദാസനെ സഹായിച്ചുകൊ ടുക്കും.

## സംഗ്രഹം:

1) സത്യവിശ്വാസി മറ്റൊരു സത്യവിശ്വാസിയുടെ സഹോദരനാകുന്നു. അതിൽ രാജ, പ്രജ, വലിപ്പ, ചെറുപ്പ വ്യത്യാസമില്ല.

2) മുസ്ലിംകൾ പരസ്പരം സഹായിക്കണം. സഹായം ആവശ്യമുള്ളവരെയെല്ലാം സഹായിക്കണം. നിഷിദ്ധ കാര്യങ്ങളിൽ അരുത്.

3) ആവശ്യക്കാരനെ സഹായിക്കുന്നതിലുള്ള ശ്രേഷ്ഠത, അതിനുള്ള പ്രതിഫലത്തിന്റെ മഹത്വം.

## 15 ) അയൽവാസി; ബാദ്ധ്യകൾ

അല്ലാഹു പറയുന്നു:

وَٱعْبُدُوا ٱللَّهَ وَلَا تُشْرِكُوا بِهِۦ شَيْـًٔا ۖ وَبِٱلْوَٰلِدَيْنِ إِحْسَـٰنًا
وَبِذِى ٱلْقُرْبَىٰ وَٱلْيَتَـٰمَىٰ وَٱلْمَسَـٰكِينِ وَٱلْجَارِ ذِى ٱلْقُرْبَىٰ
وَٱلْجَارِ ٱلْجُنُبِ وَٱلصَّاحِبِ بِٱلْجَنۢبِ وَٱبْنِ ٱلسَّبِيلِ (النساء:٣٦)

നിങ്ങൾ അല്ലാഹുവെ ആരാധിക്കുകയും അവനോട് യാതൊന്നിനെയും പങ്കുചേർക്കാതിരിക്കുകയും മാതാപിതാക്കളോട് നല്ല നിലയിൽ വർത്തിക്കുകയും ചെയ്യുക. ബന്ധുക്കളോടും അനാഥകളോടും പാവങ്ങളോടും കുടുംബബന്ധമുള്ള അയൽക്കാരോടും അന്യരായ അയൽക്കാരോടും സഹവാസിയോടും വഴിപോ

ക്കനോടും നല്ല നിലയിൽ വർത്തിക്കുക.(അന്നി സാഅ്-36)

عَنْ أَبِي هُرَيْرَةَ ﷺ أَنَّ النَّبِيَّ صَلَّى اللَّه عَلَيْهِ وَسَلَّمَ قَالَ وَاللَّهِ لَا يُؤْمِنُ وَاللَّهِ لَا يُؤْمِنُ وَاللَّهِ لَا يُؤْمِنُ قِيلَ وَمَنْ يَا رَسُولَ اللَّهِ قَالَ الَّذِي لَا يَأْمَنُ جَارُهُ بَوَايِقَهُ (رَوَاهُ الْبُخَارِي)

അബൂഹുറയ്റ ﷺ യിൽനിന്നു നിവേദനം, റസൂൽ ﷺ പറഞ്ഞു: അല്ലാഹുവാണ്, അയാൾ വിശ്വാസിയാകുകയില്ല, അല്ലാഹുവാണ്, അയാൾ വിശ്വാസിയാകുകയില്ല അല്ലാഹുവാണ്, അയാൾ വിശ്വാസിയാകുകയില്ല. ആരാണെന്ന് നബി ﷺ യോട് ചോദിക്കപ്പെട്ടു. നബി ﷺ പറഞ്ഞു: തന്റെ ഉപദ്രവത്തിൽനിന്നും അയൽവാസി സുരക്ഷിതനല്ലാത്തവൻ.

عَنْ أَبِي هُرَيْرَةَ قَالَ قَالَ رَسُولُ اللَّهِ صَلَّى اللَّهم عَلَيْهِ وَسَلَّمَ مَنْ كَانَ يُؤْمِنُ بِاللَّهِ وَالْيَوْمِ الْآخِرِ فَلَا يُؤْذِ جَارَهُ وَمَنْ كَانَ يُؤْمِنُ بِاللَّهِ وَالْيَوْمِ الْآخِرِ فَلْيُكْرِمْ ضَيْفَهُ وَمَنْ كَانَ يُؤْمِنُ بِاللَّهِ وَالْيَوْمِ الْآخِرِ فَلْيَقُلْ خَيْرًا أَوْ لِيَصْمُتْ (رَوَاهُ الْبُخَارِي)

അബൂഹുറയ്റ ﷺ യിൽനിന്നു നിവേദനം, നബി ﷺ പറഞ്ഞു: ആരെങ്കിലും അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുണ്ടെങ്കിൽ അവൻ തന്റെ അയൽവാസിയെ ദ്രോഹിക്കാതിരിക്കട്ടെ. അല്ലാഹുവിലും അന്ത്യദിനത്തിലും

വിശ്വസിക്കുന്നവൻ തന്റെ അതിഥിയെ ആദരിക്കട്ടെ. അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നവൻ നല്ലതു മാത്രം പറയട്ടെ, അല്ലെങ്കിൽ മിണ്ടാതിരുന്നുകൊള്ളട്ടെ.

**സംഗ്രഹം:**

1) അയൽവാസിക്ക് നന്മ ചെയ്യാനും, അവനെ ഉപദ്രവിക്കാതിരിക്കാരുമുള്ള പ്രോത്സാഹനം.

2) അയൽവാസി അമുസ്ലിമാണെങ്കിലും അവന്ന് നന്മ ചെയ്യലും, അവനെ ഉപദ്രവിക്കാതിരിക്കലും മനുഷ്യന്റെ വിശ്വാസത്തിന്റെ പൂർണ്ണതയിൽ പെട്ടതാകുന്നു.

## 16) നാവിന്റെ വിപത്തുകൾ

അല്ലാഹു പറയുന്നു:

مَّا يَلْفِظُ مِن قَوْلٍ إِلَّا لَدَيْهِ رَقِيبٌ عَتِيدٌ ﴿١٨﴾ (ق: ١٨)

അവൻ ഏതൊരുവാക്ക് ഉച്ചരിക്കുമ്പോഴും അവന്റെയടുത്ത് തയ്യാറായി നിൽക്കുന്ന നിരീക്ഷകർ ഉണ്ടാകാതിരുന്നിട്ടില്ല. (ഖാഫ്–18)

وَلَا تَقْفُ مَا لَيْسَ لَكَ بِهِۦ عِلْمٌ ۚ إِنَّ ٱلسَّمْعَ وَٱلْبَصَرَ وَٱلْفُؤَادَ كُلُّ أُو۟لَٰٓئِكَ كَانَ عَنْهُ مَسْـُٔولًا ﴿٣٦﴾ (الإسراء : ٣٦)

നിനക്കറിവില്ലാത്ത യാതൊരു കാര്യത്തിന്റെയും പിന്നാലെ നീ പോകരുത്. തീർച്ചയായും കേൾവി, കാഴ്ച്ച, ഹൃദയം എന്നിവയെപ്പറ്റ യെല്ലാം ചോദ്യം ചെയ്യപ്പെടുന്നതാണ്. (ഇസ്റാഅ്-36)

عَنْ أَبِي مُوسَى قَالَ سُئِلَ رَسُولُ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ أَيُّ الْمُسْلِمِينَ أَفْضَلُ قَالَ مَنْ سَلِمَ الْمُسْلِمُونَ مِنْ لِسَانِهِ وَيَدِهِ (رَوَاهُ التِّرْمِذِيُّ)

അബൂമൂസൽ അശ്അരി ﷺ ൽനിന്ന് നിവേദനം, മുസ്ലികളിൽ ഏറ്റവും ശ്രേഷ്ഠൻ ആരാണെന്ന് ഞാൻ നബി ﷺ യോട് ചോദിച്ചു. നബി ﷺ പറഞ്ഞു: മുസ് ലിംകൾ ആരുടെ കയ്യിൽനിന്നും നാവിൽനിന്നും (അവ രണ്ടിന്റെയും ഉപദ്രവ ത്തിൽനിന്നും) രക്ഷപ്പെട്ടിട്ടുണ്ടോ അവനാണ്.

عَنْ سَهْلِ بْنِ سَعْدٍ ﷺ عَنْ رَسُولِ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ قَالَ مَنْ يَضْمَنْ لِي مَا بَيْنَ لَحْيَيْهِ وَمَا بَيْنَ رِجْلَيْهِ أَضْمَنْ لَهُ الْجَنَّةَ (رَوَاهُ الْبُخَارِي)

സഹ്ലുബ്നുസഅ്ദ് ﷺ യിൽനിന്ന് നിവേദനം, റസൂൽ ﷺ പറഞ്ഞു: ഏതൊരാൾ രണ്ടു താടിയെ ല്ലുകൾക്കിടയിലും (നാവ്), രണ്ടുകാലുകൾക്കിട യിലുമുളള അവയവങ്ങൾ സംരക്ഷിക്കാമെന്ന് എനിക്ക് ഉറപ്പു തരുന്നുവോ, അവന്ന് സ്വർഗ്ഗമു ണ്ടെന്ന് ഞാൻ ജാമ്യം നിൽക്കുന്നു.

عَنْ أبِي هُرَيْرَةَ ﷺ أنَّهُ سَمِعَ رَسُولَ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ يَقُولُ إِنَّ العَبْدَ لَيَتَكَلَّمُ بِالْكَلِمَةِ مَا يَتَبَيَّنُ فِيهَا يَــزِلُّ بِهَا فِي النَّارِ أَبْعَدَ مِمَّا بَيْنَ الْمَشْــرِقِ والْمَغْــرِب (رَوَاهُ الْبُخَارِي)

അബൂഹുറയ്റ ﷺ യിൽനിന്നു നിവേദനം, റസൂൽ ﷺ പറഞ്ഞു: നന്മതിന്മകളെക്കുറച്ച് ചിന്തിക്കാതെ സംസാരിക്കുന്നവൻ, അവന്റെ വാക്കുകൾകൊണ്ട് കിഴക്കിന്റെയും, പടിഞ്ഞാറിന്റെയും ദൂരത്തെക്കാൾ വിദൂരമായ അവസ്ഥയിൽ നരകത്തിൽ വീഴും.

**സംഗ്രഹം:**

1) നാവുകൊണ്ടുള്ള അപകടങ്ങളെ കരുതിയിരിക്കുക. അശ്രദ്ധമായി പറയുന്ന കാര്യങ്ങൾ ഒരാളെ നരകത്തിൽ വീഴ്ത്തും. നല്ല കാര്യങ്ങൾക്കല്ലാതെ നാവിനെ ഉപയോകിക്കൽ, നരകപ്രവേകനത്തിനു കാരണമായിത്തീരും. അതിനെ സൂക്ഷിക്കുന്നത് സ്വർഗ്ഗപ്രവേശനത്തിനും കാരണമാകും. അശ്രദ്ധവും അനാവശ്യവുമായി മനുഷ്യൻഅവന്റെ നാവ് ഉപയോഗിച്ചുകൊണ്ടിരിക്കുന്നു.

2) മനുഷ്യന്റെ വാക്കുകളും, പ്രവർത്തനങ്ങളും വിചാരണക്കു വിധേയമാക്കപ്പെടും. മനുഷ്യന്ന് ഏറ്റവും അപകടകാരികളായ അവയവങ്ങളാണ് നാവും ലൈഗിക അവയവങ്ങളും.

## 17) പരദൂഷണം

അല്ലാഹു പറയുന്നു:

وَلَا يَغْتَب بَّعْضُكُم بَعْضًا ۚ أَيُحِبُّ أَحَدُكُمْ أَن يَأْكُلَ لَحْمَ أَخِيهِ مَيْتًا فَكَرِهْتُمُوهُ (الحجرات :١٢)

നിങ്ങളിൽ ചിലർ ചിലരെപ്പറ്റി അവരുടെ അഭാവത്തിൽ ദുഷിച്ചുപറയുകയും അരുത്. തന്റെ സഹോദരൻ മരിച്ചുകിടക്കുമ്പോൾ അവന്റെ മാംസം ഭക്ഷിക്കുവാൻ നിങ്ങളാരെങ്കിലും ഇഷ്ടപ്പെടുമോ? എന്നാൽ അത് (ശവം തിന്നൽ) നിങ്ങൾ വെറുക്കുകയാണ് ചെയ്യുന്നത്. (ഹുജറാത്ത്-12)

عَنْ أَبِي هُرَيْرَةَ ﷺ أَنَّ رَسُولَ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ قَالَ أَتَدْرُونَ مَا الْغِيبَةُ قَالُوا اللَّهُ وَرَسُولُهُ أَعْلَمُ قَالَ ذِكْرُكَ أَخَاكَ بِمَا يَكْرَهُ قِيلَ أَفَرَأَيْتَ إِنْ كَانَ فِي أَخِي مَا أَقُولُ قَالَ إِنْ كَانَ فِيهِ مَا تَقُولُ فَقَدِ اغْتَبْتَهُ وَإِنْ لَمْ يَكُنْ فِيهِ فَقَدْ بَهَتَّهُ (رَوَاهُ مُسْلِمٍ)

അബൂഹുറയ്റ ﵁ യിൽനിന്നു നിവേദനം, നബി ﷺ പറഞ്ഞു: പരദൂഷണം എന്നാൽ എന്താണെന്നന്ന്ങ്ങൾക്കറിയാമോ? സ്വഹാബികൾ പറഞ്ഞു: അല്ലാഹുവിനും അവന്റെ റസൂലിനും അറിയാം. നബി ﷺ പറഞ്ഞു: നിന്റെ സഹോദ

രന്ന് വെറുപ്പുളളകാര്യം പറയലാണ്.അപ്പോൾ നബി ﷺ ചോദിക്കപ്പെട്ടു: എന്റ സഹോദരനിൽ ഉളളഒരുകാര്യമാണ് ഞാൻ പറയുന്ന തെനങ്കലോ? നബി ﷺ പറഞ്ഞു: അവനിൽ ഉളള കാര്യമാണ് നീ പറയുന്നതെങ്കിൽ നീ പരദൂ ഷണം പറഞ്ഞു. ഇല്ലാത്തകാര്യമാണ് നീ പറ ഞ്ഞതെങ്കിൽ നീ കളവ് പറഞ്ഞു.

عَنْ عَائِشَةَ أنها قَالَتْ قُلْتُ لِلنَّبِيِّ صَلَّى اللَّه عَلَيْهِ وَسَلَّمَ حَسْبُكَ مِنْ صَفِيَّةَ كَذَا وَكَذَا (تَعْنِي قَصِيرَةً ) فَقَالَ لَقَدْ قُلْتِ كَلِمَةً لَوْ مُزِجَتْ بِمَاءِ الْبَحْرِ لَمَزَجَتْهُ (رواه أبوداود)

ആയിശ رضي الله عنها പറയുന്നു. നബിയേ താങ്കൾക്ക് (കുറിയ പെണ്ണായ) സ്വഫിയ്യയെ കുറിച്ചുളള വർത്തമാനം നിറുത്തിക്കൂടേ (ഇത് ആയിശ رضي الله عنها ആംഗ്യത്തിലൂടയൊണ് കാണിച്ചത്). അപ്പോൾ നബി ﷺ പറഞ്ഞു: നീ പറഞ്ഞ വചനം സമുദ്ര ത്തിൽ ഇട്ടിരുന്നെങ്കിൽ ആ സമുദ്രംപോലും മലിനമായിരുന്നു.

عَنْ أَبِي هُرَيْرَةَ قَالَ قَالَ رَسُولُ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ : كُلُّ الْمُسْلِمِ عَلَى الْمُسْلِمِ حَرَامٌ دَمُهُ وَمَالُهُ وَعِرْضُهُ (رواه مسلم)

അബൂഹുറയ്റ رضي الله عنه യിൽനിന്നു നിവേദനം, നബി ﷺ പറഞ്ഞു: ഒരു മുസ്ലിമിന്റെ മുഴുവനും

മറ്റൊരു മുസ് ലിമിന്ന് നിഷിദ്ധമാണ്. അവന്റെ രക്തവും, ധനവും അഭിമാനവും.

عَنْ أَبِي هُرَيْرَةَ قَالَ قَالَ رَسُولُ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ : وَمَنْ كَانَ يُؤْمِنُ بِاللَّهِ وَالْيَوْمِ الْآخِرِ فَلْيَقُلْ خَيْرًا أَوْ لِيَصْمُتْ (رَوَاهُ الْبُخَارِي)

അബൂഹുറയ്റ ﷺ യിൽനിന്നു നിവേദനം, നബി ﷺ പറഞ്ഞു: അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നവൻ നല്ല വാക്കു പറയട്ടെ അല്ലെങ്കിൽ മിണ്ടാതിരിക്കട്ടെ.

عَنْ أَبِي الدَّرْدَاءِ عَنِ النَّبِيِّ صَلَّى اللَّه عَلَيْهِ وَسَلَّمَ قَالَ مَنْ رَدَّ عَنْ عِرْضِ أَخِيهِ رَدَّ اللَّهُ عَنْ وَجْهِهِ النَّارَ يَوْمَ الْقِيَامَةِ (رَوَاهُ التِّرْمُذِيُّ)

അബുദ്ദർദാഅ് ﷺ ൽനിന്നു നിവേദനം, നബി ﷺ പറഞ്ഞു: തന്റെ സഹോദരന്റെ അഭിമാനത്തെ ആരെങ്കിലും സംരക്ഷിച്ചാൽ, അന്ത്യനാളിൽ അവനെ അല്ലാഹു നരകത്തിൽനനിന്നു രക്ഷിക്കും.

**സംഗ്രഹം:**

1) പരദൂഷണം നിഷിദ്ധമാണ്. അത് മഹാപാപമാണ്. പരദൂഷകന്റെ ശിക്ഷ ഭയങ്കരമാകുന്നു.

2) ഒരാൾക്ക് വെറുപ്പുളളകാര്യം അയാളെ കുറിച്ച്പറയൽ (അത് അയാളിൽ ഉളളതാണെങ്കിലും) നിഷിദ്ധമായ പരദൂഷണത്തിൽ പെട്ടതാകുന്നു.

3) പരദൂഷകനെ അതിൽനിന്നു തടയേണ്ടതാണ്. പരദൂഷണം കേൾക്കലും നിഷിദ്ധമാകുന്നു. മുസ്ലിമിന്റെ അഭിമാനം സംരക്ഷിക്കപ്പെടേണ്ടതാകുന്നു. അതുകൊണ്ട് അന്ത്യനാളിൽ നരകാഗ്നിയിൽനിന്നു രക്ഷ ലഭിക്കും.

4) മനുഷ്യന് വെറുപ്പുളള കാര്യങ്ങൾ വാക്കിലൂടെയോ, ആംഗ്യത്തിലൂടെയോ ചെയ്യുന്നതും പരദൂഷണമാണ്.

## 18) സത്യവും അസത്യവും

അല്ലാഹു പറയുന്നു:

إِنَّمَا يَفْتَرِى ٱلْكَذِبَ ٱلَّذِينَ لَا يُؤْمِنُونَ بِـَٔايَٰتِ ٱللَّهِ ۖ وَأُو۟لَٰٓئِكَ هُمُ ٱلْكَٰذِبُونَ ﴿١٠٥﴾ (النحل: ١٦)

അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളിൽ വിശ്വസിക്കാത്തവൻ തന്നെയാണ് കളളം കെട്ടിച്ചമക്കുന്നവൻ. അവർതന്നെയാണ് വ്യാജവാദികൾ. (അന്നഹ്ൽ-105)

يَـٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ ٱتَّقُوا۟ ٱللَّهَ وَكُونُوا۟ مَعَ ٱلصَّـٰدِقِينَ

(التوبة : ١١٩)

സത്യവിശ്വാസികളേ നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുകയും, സത്യസന്ധന്മാരുടെ കൂട്ടത്തിൽ ആയിരിക്കുകയും ചെയ്യുക. (തൗബ-119)

فَلَوْ صَدَقُوا۟ ٱللَّهَ لَكَانَ خَيْرًا لَّهُمْ ﴿٢١﴾ (محمد : ٢١)

അവർ അല്ലാഹുവോട് സത്യസന്ധത കാണിച്ചിരുന്നെങ്കിൽ അതായിരുന്നു അവർക്ക് കൂടുതൽ ഉത്തമം. (മുഹമ്മദ്-21)

عَن الحَسَن بْن عَلِيٍّ رضي الله عنهما عَن رَسُولِ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ دَعْ مَا يَرِيبُكَ إِلَى مَا لَا يَرِيبُكَ فَإِنَّ الصِّدْقَ طُمَأْنِينَةٌ وَإِنَّ الكَذِبَ رِيبَةٌ (رَوَاهُ التِّرْمِذِيُّ والنسائي)

ഹസനുബ്നു അലി ﷺ ൽ നിന്നു നിവേദനം, നബി ﷺ പറഞ്ഞു: നിനക്കു സംശയമുള്ളതിനെ ഒഴിവാക്കി സംശയമില്ലാത്തതിനെ സ്വീകരിക്കുക. കാരണം സത്യം മനസമാധാനമാണ്. കളളം സംശയവുമാണ്.

عَنْ عَبْدِاللَّـهِ بـن مسـعود رَضِـي اللَّـه عَنْـه قَـالَ قَـالَ رَسُولُ اللَّهِ صَلَّى اللَّـه عَلَيْـهِ وَسَلَّمَ إِنَّ الصِّدْقَ يَهْدِي إِلَـى البِرِّ وَإِنَّ البِرَّ يَهْدِي إِلَى الجَنَّةِ وَإِنَّ الرَّجُلَ لَيَصْدُقُ حَتَّـى يُكْتَبَ صِدِّيقًا وَإِنَّ الكَذِبَ يَهْدِي إِلَـى الفُجُور وَإِنَّ الفُجُورَ

يَهْدِي إِلَى النَّارِ وَإِنَّ الرَّجُلَ لَيَكْذِبُ حَتَّى يُكْتَبَ كَذَّابًا (متفق عليه)

അബ്ദുല്ലാഹിബ്നു മസ്ഊദ് ﷺ ൽ നിന്നു നിവേദനം, നബി ﷺ പറഞ്ഞു: സത്യം നന്മയിലേക്ക് വഴികാണിക്കുന്നു. നന്മ സ്വർഗ്ഗത്തിലേക്കും നയിക്കുന്നു. ഒരാൾ സത്യം പറയുകയും സത്യം പറയാൻ ശ്രദ്ധിക്കുകയും ചെയ്യുന്നു. അങ്ങനെ അയാൾ അല്ലാഹുവിന്റെ അടുക്കൽ സത്യസന്ധന്മാരുടെ കൂട്ടത്തിൽ എഴുതപ്പെടുന്നു. കളവ് അധർമ്മത്തിലേക്കും അധർമ്മം നരകത്തിലേക്കും നയിക്കുന്നു. ഒരാൾ കളവ് പറയുകയും, കളവ് പറയുന്നതിൽ മുഴുകുകയും ചെയ്യുന്നു. അവൻ അല്ലാഹുവിന്റെയടുക്കൽ വലിയ കളളന്മാരുടെ കൂട്ടത്തിൽ എഴുതപ്പെടും.

عَنْ عَبْدِاللَّهِ بْنِ عَمْرٍو أَنَّ النَّبِيَّ صَلَّى اللَّه عَلَيْهِ وَسَلَّمَ قَالَ أَرْبَعٌ مَنْ كُنَّ فِيهِ كَانَ مُنَافِقًا خَالِصًا وَمَنْ كَانَتْ فِيهِ خَصْلَةٌ مِنْهُنَّ كَانَتْ فِيهِ خَصْلَةٌ مِنَ النِّفَاقِ حَتَّى يَدَعَهَا إِذَا اؤْتُمِنَ خَانَ وَإِذَا حَدَّثَ كَذَبَ وَإِذَا عَاهَدَ غَدَرَ وَإِذَا خَاصَمَ فَجَرَ (متفق عليه)

അബ്ദുല്ലാഹിബ്നു അംറ് ﷺ ൽ നിന്നു നിവേദനം, നബി ﷺ പറഞ്ഞു: നാലുകാര്യങ്ങൾ ആരിലുണ്ടോ, അവൻ തികഞ്ഞ കപടവിശ്വാസിയായി

രിക്കും.ഏതെങ്കിലും ഒന്ന് ഉണ്ടായാലും (അതും ഉപേക്ഷിക്കുന്നത് വരെ) അവനിൽ കാപട്യത്തിന്റെ ലക്ഷണങ്ങൾ നിലനിൽക്കും. വിശ്വസിച്ചാൽ ചതിക്കുക, സംസാരിച്ചാൽ കളവ്പറയുക, കരാർ ചെയ്താൽ ലംഘിക്കുക, തെറ്റിയാൽ തെറിപറയുക.

**സംഗ്രഹം:**

1) കളവ് ഉപേക്ഷിക്കേണ്ടതാണ്. അത് കപടന്മാരുടെ സ്വഭാവമാണ്. ജനങ്ങൾക്കിടയിൽ കളവ് പ്രചരിപ്പിക്കൽ ഭയങ്കര ശിക്ഷാർഹമായ കാര്യമാകുന്നു.

2) കളളം പറയൽ തെറ്റിലേക്കും, കുറ്റങ്ങളിലേക്കും നയിക്കുകയും നരകപ്രവേശനത്തിന്ന് കാരണമായിത്തീരുകയും ചെയ്യും.

3) എല്ലാ കാര്യങ്ങളിലും സത്യസന്ധത പുലർത്തുക.

4) കളവ് കാപട്യത്തിന്റെ ലക്ഷണമാണ്.

## 19) പശ്ചാത്താപം

അല്ലാഹു പറയുന്നു:

وَتُوبُوٓاْ إِلَى ٱللَّهِ جَمِيعًا أَيُّهَ ٱلْمُؤْمِنُونَ لَعَلَّكُمْ
تُفْلِحُونَ ﴿٣١﴾ (النور: ٣١)

സത്യവിശ്വാസികളേ, നിങ്ങളെല്ലാവരും അല്ലാഹു വിങ്കലേക്ക് ഖേദിച്ച് മടങ്ങുക. നിങ്ങൾ വിജയം പ്രാപിച്ചേക്കാം. (അന്നൂർ-31)

يَٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ تُوبُوٓا۟ إِلَى ٱللَّهِ تَوْبَةً نَّصُوحًا (التحريم: ٨)
സത്യവിശ്വാസികളേ, നിങ്ങളെല്ലാവരും അല്ലാഹു വിങ്കലേക്ക് നിഷ്കളങ്കമായ പശ്ചാത്താപം കൈ കൊണ്ട് മടങ്ങുക. (തഹ്‌രീം-8)

عن الْأغرِّ بن اليَسَار المزني قَالَ قَالَ رَسُولُ اللَّهِ صلَّى اللَّه عَلَيْهِ وَسَلَّمَ يَا أَيُّهَا النَّاسُ تُوبُوا إِلى اللَّهِ فَإِنِّي أَتُوبُ فِي الْيَوْمِ إِلَيْهِ مِائَةَ مَرَّةٍ (رَوَاهُ مُسلِم)

അൽഅഗർറബ്നു യസാരിൽമുസ്നി ﷺ യിൽനിന്നു നിവേദനം, റസൂൽ ﷺ പറഞ്ഞു: ജന ങ്ങളേ നിങ്ങൾ അല്ലാഹുവിലേക്ക് പശ്ചാത്ത പിച്ചു മടങ്ങുവിൻ. അവനോട് പാപമോചനം തേടുവിൻ. ഞാൻ ഒരു ദിവസം നൂറു പ്രാവശ്യം പശ്ചാത്തപിക്കാറുണ്ട്.

عَنْ أنَسٍ رَضِي اللَّه عَنْه قَالَ قَالَ رَسُولُ اللَّهِ صَلَّى اللَّهم عَلَيْهِ وَسَلَّمَ اللَّهُ أفْرَحُ بِتَوْبَةِ عَبْدِهِ مِنْ أحَدِكُمْ سَقَطَ عَلَى بَعِيرِهِ وَقَدْ أضَلَّهُ فِي أرْضٍ فَلَاةٍ (متفق عليه)

അനസ് ﷺ യിൽനിന്നു നിവേദനം, റസൂൽ ﷺ പറഞ്ഞു: തന്റെ ദാസന്റെ പശ്ചാത്താപത്തിൽ അല്ലാഹു വളരെ സന്തോഷിക്കുന്നതാണ്. വിജന

മായ ഭൂമിയിൽ ഒട്ടകം നഷ്ടപ്പെട്ടു, വഴി തെറ്റിയവൻ (അത് തിരിച്ചു കിട്ടുമ്പോൾ) സന്തോഷിക്കുന്നതിൽ ഉപരിയായി.

عَنْ أنَسِ بن مالك ﷺ أنَّ النَّبِيَّ صلَّى الله عَلَيْهِ وَسَلَّمَ قَالَ كُلُّ ابْنِ آدَمَ خَطَّاءٌ وَخَيْرُ الْخَطَّائِينَ التَّوَّابُونَ (رَوَاهُ التِّرْمِذِيُّ)

അനസ്ബ്നു മാലിക് ﷺ യിൽനിന്നു നിവേദനം, റസൂൽ ﷺ പറഞ്ഞു: ആദമിന്റെ സന്തതികൾ (മനുഷ്യർ) എല്ലാം തെറ്റുകാരാകുന്നു. തെറ്റുകാരിൽ ഉത്തമർ പശ്ചാത്താപികളാണ്.

عَنْ عبد الله بْنِ عُمَرَ عَنِ النَّبِيِّ صلَّى الله عَلَيْهِ وَسَلَّمَ قَالَ إِنَّ اللَّهَ يَقْبَلُ تَوْبَةَ الْعَبْدِ مَا لَمْ يُغَرْغِرْ (رَوَاهُ التِّرْمِذِيُّ وابنُ ماجه)

അബ്ദുല്ലാഹിബ്നുഉമർ ﷺ ൽ നിന്നു നിവേദനം, റസൂൽ ﷺ പറഞ്ഞു: ഒരു മനുഷ്യന്റെ ജീവൻ തൊണ്ടക്കുഴിയിൽ എത്തുന്നതുവരെ അല്ലാഹു അവന്റെ പശ്ചാത്താപം സ്വീകരിക്കും.

عَنْ أبي مُوسَى الأشعري ﷺ عَنِ النَّبِيِّ صَلَّى اللَّه عَلَيْهِ وَسَلَّمَ قَالَ إِنَّ اللَّهَ عَزَّ وَجَلَّ يَبْسُطُ يَدَهُ بِاللَّيْلِ لِيَتُوبَ مُسِيءُ النَّهَارِ وَيَبْسُطُ يَدَهُ بِالنَّهَارِ لِيَتُوبَ مُسِيءُ اللَّيْلِ حَتَّى تَطْلُعَ الشَّمْسُ مِنْ مَغْرِبِهَا (رَوَاهُ مُسْلِم)

അബൂമൂസൽ അശ്അരി ﷺ യിൽ നിന്നു നിവേദനം, നബി ﷺ പറഞ്ഞു: പകലിൽ തെറ്റുചെയ്യുന്നവരുടെ പശ്ചാത്താപം രാത്രി സ്വീകരിക്കാനും രാത്രി തെറ്റ്ചെയ്യുന്നവരുടെ പശ്ചാത്താപം പകൽ സ്വീകരിക്കാനും വേണ്ടി അല്ലാഹു അവന്റെ കൈകൾ നീട്ടുന്നതാണ്. സൂര്യൻ അതിന്റെ അസ്തമയസ്ഥാനത്തു നിന്നു ഉദിക്കുന്നത് (അന്ത്യനാൾ) വരെ.

## സംഗ്രഹം:

1)എല്ലാ സമയത്തും അല്ലാഹുവിലേക്ക് പശ്ചാത്തപിച്ചു മടങ്ങൽ നിർബന്ധമാണ്. എത്ര വലിയ പാപമാണെങ്കിലും പശ്ചാത്താപം സ്വീകരിക്കപ്പെടും. പശ്ചാത്താപം മനുഷ്യന്റെ വിജയത്തിന്റെ കൂടി കാരണമാകുന്നു.

2)അല്ലാഹുവിങ്കലേക്ക് പശ്ചാത്തപിച്ചു മടങ്ങൽ അല്ലാഹുവിന്റെ അനുഗ്രഹം വിശാലമാക്കാനും, അവന്റെ സംതൃപ്തിക്കും കാരണമാകും

3) തെറ്റുകൾ മനുഷ്യസഹജമാണ്. അതിൽനിന്നെല്ലാം പശ്ചാതാപവും മോചനവും അവൻ തേടണം.

## പശ്ചാത്താപത്തിന്റെ നിയമങ്ങളും നിബന്ധനകളും:

1) ജീവൻ തൊണ്ടക്കുഴിയിലെത്തി, മരണം ആസന്നമാകുന്നതിന്നു മുമ്പ് പശ്ചാത്തപിക്ക

ണം.

2) അന്ത്യനാളിന്റെ (സൂര്യൻ അസ്തമയ സ്ഥാനത്തു നിന്ന് ഉദിക്കുന്നതിന്റെ) മുമ്പ് ആയിരിക്കണം. ആ ദിനത്തിൽ പശ്ചാത്താപം ഉപകരിക്കുകയുല്ല.

3) ഒരാൾ ഒരു തെറ്റിൽനിന്നു സത്യസന്ധമായി പശ്ചാത്തപിച്ചു മടങ്ങിയശേഷം വീണ്ടും തെറ്റ് ആവർത്തിച്ചാൽ, അവന്റെ ഒന്നാമത്തെ പശ്ചാത്താപം സ്വീകരിക്കപ്പെടും. അവൻ വീണ്ടും പശ്ചാത്തപിക്കേണ്ടിയിരിക്കുന്നു.

4) ചെയ്തുപോയ തെറ്റിൽ ഖേദം തോന്നുകയും, അത് ഉപേക്ഷിക്കുകയും, ആവർത്തിക്കില്ലെന്ന് തീരുമാനിക്കുകയും വേണം.

## 20)സലാം പറയൽ

അല്ലാഹു പറയുന്നു:

يَـٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ لَا تَدْخُلُوا۟ بُيُوتًا غَيْرَ بُيُوتِكُمْ حَتَّىٰ تَسْتَأْنِسُوا۟ وَتُسَلِّمُوا۟ عَلَىٰٓ أَهْلِهَا ۚ (النور : ٢٧)

ഹേ, സത്യവിശ്വാസികളേ നിങ്ങളുടേതല്ലാത്ത വീടുകളിൽ നിങ്ങൾ കടക്കരുത്, നിങ്ങൾ അനുവാദം തേടുകയും ആ വീട്ടുകാർക്ക് സലാം പറയുകയും ചെയ്തിട്ടല്ലാതെ. (അന്നൂർ–27)

عَنْ أبِي هُرَيْرَةَ قَالَ قَالَ رَسُولُ اللّهِ صلّى اللّه عَلَيْهِ وَسَلَّمَ لَا تَدْخُلُونَ الْجَنَّةَ حَتَّى تُؤْمِنُوا وَلَا تُؤْمِنُوا حَتَّى تَحَابُّوا أَوَلَا أدُلُّكُمْ عَلَى شَيْءٍ إِذَا فَعَلْتُمُوهُ تَحَابَبْتُمْ أَفْشُوا السَّلَامَ بَيْنَكُمْ (رَوَاهُ مُسْلِم)

അബൂഹുറയ്റ ﷺ യിൽനിന്നു നിവേദനം, നബി ﷺ പറഞ്ഞു: നിങ്ങൾ സത്യവിശ്വാസികളാകാതെ സ്വർഗ്ഗത്തിൽ പ്രവേശിക്കുകയില്ല. നിങ്ങൾ പരസ്പരം സ്നേഹിക്കാതെ സത്യവിശ്വാസികളുമാകില്ല. നിങ്ങൾ പരസ്പരം സ്നേഹിക്കാനുള്ള കാര്യം ഞാൻ പറഞ്ഞു തരട്ടെയോ? നിങ്ങൾക്കിടയിൽ സലാം പ്രചരിപ്പിക്കുക.

عَنْ عَبْدِ اللّهِ بْنِ سَلَامٍ ﷺ قَالَ :سَمِعْتُ رَسُولَ اللّهِ صَلَّى اللّه عَلَيْهِ وَسَلَّمَ يقُولُ: يَا أَيُّهَا النَّاسُ أَفْشُوا السَّلَامَ وَأَطْعِمُوا الطَّعَامَ وَصِلُوا الْأرْحَامَ وَصَلُّوا بِاللَّيْلِ وَالنَّاسُ نِيَامٌ تَدْخُلُوا الْجَنَّةَ بِسَلَامٍ (رَوَاهُ التُّرْمُذِيُّ وابنُ ماجه)

അബ്ദുല്ലാഹിബ്നുസലാം ﷺ ൽ നിന്നു നിവേദനം, റസൂൽ ﷺ പറയുന്നതായി ഞാൻ കേട്ടിരിക്കുന്നു: ജനങ്ങളേ നിങ്ങൾ സലാം പ്രചരിപ്പിക്കുക, അന്നം ഊട്ടുക, കുടുമ്പബന്ധം ചേർക്കുക,രാത്രിയിൽ ജനങ്ങൾ ഉറങ്ങുമ്പോൾ എഴുന്നേറ്റ് നമസ്കരിക്കുക. എന്നാൽ നിങ്ങൾക്ക് സമാധാനപൂർവ്വം സ്വർഗ്ഗത്തിൽ പ്രവേശിക്കാം.

عَنْ أبي هُرَيْرَةَ ﷺ أنَّ رَسُولَ اللَّهِ صَلَّى اللَّــه عَلَيْــهِ وَسَلَّمَ قَالَ إِذَا انْتَهَى أَحَدُكُمْ إِلَى مَجْلِسٍ فَلْيُسَلِّمْ فَإِنْ بَــدَا لَهُ أَنْ يَجْلِسَ فَلْيَجْلِسْ ثُمَّ إِذَا قَامَ فَلْيُسَلِّمْ فَلَيْسَتِ الْــأُولَى بِأَحَقَّ مِنَ الْآخِرَةِ (رَوَاهُ التِّرْمِذِيُّ وَأَبُودَاوُد)

അബൂഹുറയ്റ ﷺ യിൽനിന്നു നിവേദനം, റസൂൽ ﷺ പറഞ്ഞു: നിങ്ങൾ ഒരു സദസ്സിലേക്ക് ചെന്നാൽ സലാം പറയുക ഇരിക്കണമെന്ന് തോന്നിയാൽ ഇരിക്കുക. എഴുന്നേറ്റു പോകു മ്പോൾ സലാം പറയുക. ഒന്നാമത്തെ സലാം രണ്ടാമത്തെ സലാമിനെക്കാൾ പ്രാധാന്യമുള്ളത ല്ല.

സംഗ്രഹം:

1)സലാം പറയൽ ശ്രേഷ്ഠമായ കാര്യമാകുന്നു. സ്വർഗ്ഗത്തിൽ പ്രവേശിക്കാൻ കാരണമാകും. പര സ്പരസ്നേഹം വളർത്തും.

2)പരിചയമുള്ളവരോട് മാത്രമല്ല സലാം പറയേ ണ്ടത്. പരിചയമുള്ള മുസ്ലിമിനോടും, ഇല്ലാത്ത മുസ്ലിമിനോടും സലാം പറയൽ നല്ലതാകുന്നു.

3)സലാം പറയാൻ നബി ﷺ പഠിപ്പിച്ചിട്ടുള്ള രൂപം ''അസ്സലാമു അലയ്കും'' എന്നാകുന്നു. വറഹ് മതുല്ലാഹി വബറകാതുഹു. അതുപോലെയോ (വഅലയ്കുമുസ്സലാം എന്നോ) അല്ലെങ്കിൽ അതിനെക്കാൾ അധികരിപ്പിച്ചോ സലാം മടക്കൽ

നിർബന്ധമാണ്.

4)അവിശ്വാസികളോട് സലാം പറയൽ നിഷിദ്ധ മാണ്. അവർ ഇങ്ങോട്ട് പറഞ്ഞാൽ ''വഅ ലയ്കും'' എന്ന് മടക്കേണ്ടതാകുന്നു.

5)ഒരു സദസ്സിൽ മുസ്ലിംകളും അമുസ്ലിംങ്ങലും ഉണ്ടെങ്കിൽ അവരോട് (മൊ ത്തത്തിൽ) സലാം പറയാവുന്നതാണ്.

6)രണ്ട് മുസ്ലിംകൾ തമ്മിൽ പിരിയുമ്പോൾ സലാം പറയണം. (അൽപ്പ സമയത്തിനു ശേഷം) വീണ്ടും കണ്ടുമുട്ടിയാൽ വീണ്ടും സലാം പറയണം.

7)വീട്ടുകാരുടെ സമ്മദം കൂടാതെ ഒരു വീട്ടിലും പ്രവേശിക്കരുത്.

## 21)ഭക്ഷണ മര്യാദകൾ

عَنْ عَائِشَةَ رَضِيَ اللَّه عَنْهَا قَالَتْ قَالَ رَسُولُ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ إِذَا أَكَلَ أَحَدُكُمْ طَعَامًا فَلْيَقُلْ بِسْمِ اللَّهِ فَإِنْ نَسِيَ فِي أَوَّلِهِ فَلْيَقُلْ بِسْمِ اللَّهِ فِي أَوَّلِهِ وَآخِرِهِ (رَوَاهُ التِّرْمِذِيُّ)

ആയിശ ﵂ യിൽനിന്നു നിവേദനം, റസൂൽ ﷺ പറഞ്ഞു: നിങ്ങളാരെങ്കിലും ഭക്ഷണം കഴിക്കുക യാണെങ്കിൽ ''ബിസ്മില്ലാഹി'' (അല്ലാഹുവിന്റെ നാമത്തിൽ) എന്ന് ചൊല്ലുക. തുടക്കത്തിൽ പറ യാൻ മറന്നാൽ (ഓർമ്മ വന്നാൽ) ''ബിസ്മി ല്ലാഹി ഫീ അവ്വലിഹീ വആഖിരിഹി'' എന്നു പറയണം.

عَنْ عُمَرَ بْنِ أَبِي سَلَمَةَ ﷺ قَالَ قَالَ لِي رَسُولُ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ سَمِّ اللَّهَ وَكُلْ بِيَمِينِكَ وَكُلْ مِمَّا يَلِيكَ (متفق عليه)

ഉമറുബ്നു അബീസലമ ﷺ യിൽനിന്നു നിവേദനം, റസൂൽ ﷺ എന്നോട് പറഞ്ഞു: ഭക്ഷണം കഴിക്കുമ്പോൾ) നീ ബിസ്മി ചൊല്ലുക, വലതു കൈകൊണ്ട് തിന്നുക, നിന്റെ അടുത്ത ഭാഗത്തുനിന്ന് തിന്നുക.

عَنْ عَبْدِ اللَّهِ بْنِ عُمَرَ رضي الله عنهما أَنَّ رَسُولَ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ قَالَ إِذَا أَكَلَ أَحَدُكُمْ فَلْيَأْكُلْ بِيَمِينِهِ وَإِذَا شَرِبَ فَلْيَشْرَبْ بِيَمِينِهِ فَإِنَّ الشَّيْطَانَ يَأْكُلُ بِشِمَالِهِ وَيَشْرَبُ بِشِمَالِهِ (رَوَاهُ مُسْلِم)

അബ്ദുല്ലാഹിബ്നു ഉമർ ﷺ യിൽനിന്നു നിവേദനം, റസൂൽ ﷺ പറഞ്ഞു: നിങ്ങൾ ഒരാളും തന്നെ ഇടത്കൈകൊണ്ട് തിന്നുകയോ കുടിക്കുകയോ ചെയ്യരുത്. കാരണം പിശാച് ഇടത്കൈകൊണ്ടാണ് തിന്നുന്നതും കുടിക്കുന്നതും.

عَنْ أَبِي هُرَيْرَةَ قَالَ مَا عَابَ النَّبِيُّ صَلَّى اللَّه عَلَيْهِ وَسَلَّمَ طَعَامًا قَطُّ إِنِ اشْتَهَاهُ أَكَلَهُ وَإِنْ كَرِهَهُ تَرَكَهُ (متفق عليه)

അബൂഹുറയ്റ ﷺ യിൽനിന്നു നിവേദനം, നബി ﷺ ഒരു ഭക്ഷണത്തിനും കുറ്റം പറഞ്ഞിരുന്നില്ല.

ഇഷ്ടപ്പെട്ടെങ്കിൽ ഭക്ഷിക്കും, വെറുപ്പാണെങ്കിൽ അതുപേക്ഷിക്കുകയും ചെയ്യും.

**സംഗ്രഹം:**

1) ഭക്ഷണം കഴിക്കുമ്പോൾ "ബിസ്മി" ചൊല്ലണം.മറന്നുപോയാൽ ഭക്ഷണം കഴിക്കുന്നതിനിടയിൽ (ഓർമ്മവന്നാൽ) ബിസ്മില്ലാഹി ഫീ അവ്വലിഹീ വആഖിരിഹി എന്നു പറയണം. ഭക്ഷണം കഴിച്ച ശേഷം

الْحَمْدُ لِلَّهِ الَّذِي أَطْعَمَنِي هَذَا وَرَزَقَنِيهِ مِنْ غَيْرِ حَوْلٍ مِنِّي وَلَا قُوَّةٍ (رَوَاهُ التِّرْمِذِيُّ وابنُ ماجه)

എന്റെ യാതൊരു ശക്തിയും കഴിവും കൂടാതെതന്നെ എനിക്ക് അന്നം നൽകി എന്നെ ഭക്ഷിപ്പിച്ച അല്ലാഹുവിനു സ്തുതി എന്ന് ചൊല്ലണം.

2) ഇടത്കൈകൊണ്ട് ഭക്ഷിക്കരുത്. അത് പിശാചിനെ അനുകരിക്കലാണ്.

3) ഭക്ഷണത്തിന് കുറ്റം പറയരുത്. ഇഷ്ടപ്പെട്ടെങ്കിൽ ഭക്ഷിക്കുക, ഇല്ലെങ്കിൽ ഒഴിവാക്കുക. പോരായ്മ പറയൽ അനുവദനീയമാണ്.

## 22) മലമൂത്രവിസർജ്ജനം; മര്യാദകൾ

عَنْ أَنَس ﷺ قَالَ: كَانَ النَّبِيُّ صَلَّى اللَّه عَلَيْهِ وَسَلَّمَ إِذَا دَخَلَ الْخَلَاءَ قَالَ اللَّهُمَّ إِنِّي أَعُوذُ بِكَ مِنَ الْخُبُثِ وَالْخَبَائِثِ (متفق عليه)

അനസ് رضي الله عنه പറഞ്ഞു, നബി ﷺ മലമൂത്രവിസർജ്ജനസ്ഥലത്ത് പ്രവേശിക്കുമ്പോൾ "അല്ലാഹുമ്മ ഇന്നീ അഊദുബിക മിനൽ ഖുബ്ഥി വൽ ഖബാഇഥി'' (അല്ലാഹുവേ, ആൺ-പെൺ പിശാചുക്കളിൽനിന്നും ഞാൻ നിന്നോട് രക്ഷ തേടുന്നു) എന്ന് പറയാറുണ്ടായിരുന്നു.

عَنْ عَائِشَةَ رَضِيَ اللّٰه عَنْهَا أَنَّ النَّبِيَّ صَلَّى اللّٰه عَلَيْهِ وَسَلَّمَ كَانَ إِذَا خَرَجَ مِنَ الْغَائِطِ قَالَ غُفْرَانَكَ (اخرجه الخمسة)

ആയിശ رضي الله عنها പറയുന്നു, നബി ﷺ മലമൂത്രവിസർജ്ജനസ്ഥലത്ത് നിന്ന് പുറത്ത് വരുമ്പോൾ "ഗുഫ്റാനക'' (അല്ലാഹുവേ എനിക്ക് പൊറുത്തുതരിക) എന്ന് പറയാറുണ്ടായിരുന്നു.

عَنْ جَابِرٍ رضي الله عنه عَنْ رَسُولِ اللّٰهِ صَلَّى اللّٰهُ عَلَيْهِ وَسَلَّمَ أَنَّهُ نَهَى أَنْ يُبَالَ فِي الْمَاءِ الرَّاكِدِ (رواه مسلم)

ജാബിറുബ്നു അബ്ദില്ല رضي الله عنه പറയുന്നു: കെട്ടിനിൽക്കുന്ന വെള്ളത്തിൽ മൂത്രമൊഴിക്കുന്നത് നബി ﷺ വിരോധിച്ചിരിക്കുന്നു.

സംഗ്രഹം:

1) മലമൂത്രവിസർജ്ജനസ്ഥലത്ത് പ്രവേശിക്കാൻ ഉദ്ദേശിച്ചാൽ "അല്ലാഹുമ്മ ഇന്നീ അഊദുബിക മിനൽ ഖുബ്ഥി വൽ ഖബാഇഥി'' എന്നും പുറത്തുവരുമ്പോൾ "ഗുഫ്റാനക'' എന്നും പറയൽ സുന്നത്താകുന്നു.

2) മലമൂത്ര വിസർജ്ജന സമയത്ത് ജനങ്ങളിൽനിന്നും അകന്നിരിക്കണം. നഗ്നത ജനങ്ങളിൽനിന്നും മറക്കണം. കെട്ടിടങ്ങളിൽ അല്ലാത്തപ്പോൾ ഖിബ്ലക്ക് മുന്നിട്ടോ പിന്നിട്ടോ ഇരിക്കരുത്.

3) മലവും മൂത്രവും വസ്ത്രത്തിലോ, ശരീരത്തിലോ ആകാതെ ശ്രദ്ധിക്കണം. നിർബന്ധമായും ശുചീകരിക്കണം.

4) മലമൂത്രവിസർജ്ജനം പോലെയുള്ള ചെറിയ കാര്യം മുതൽ എല്ലാ കാര്യങ്ങളെയും ഇസ്ലാം ഉൾകൊള്ളുന്നു എന്നത് ഇസ്ലാമിന്റെ സമഗ്രതയെ സൂചിപ്പിക്കുന്നു.

## 23)തുമ്മൽ, കോട്ടുവാ

عَنْ أبِي هُرَيْرَةَ ﷺ عَنِ النَّبِيِّ صَلَّى اللَّه عَلَيْهِ وَسَلَّمَ قَالَ إِنَّ اللَّهَ يُحِبُّ الْعُطَاسَ وَيَكْرَهُ التَّثَاؤُبَ فَإِذَا عَطَسَ أَحَدُكُمْ وَحَمِدَ اللَّهَ كَانَ حَقًّا عَلَى كُلِّ مُسْلِمٍ سَمِعَهُ أَنْ يَقُولَ لَهُ يَرْحَمُكَ اللَّهُ وَأَمَّا التَّثَاؤُبُ فَإِنَّمَا هُوَ مِنَ الشَّيْطَانِ فَإِذَا تَثَاءَبَ أَحَدُكُمْ فَلْيَرُدَّهُ مَا اسْتَطَاعَ فَإِنَّ أَحَدَكُمْ إِذَا تَثَاءَبَ ضَحِكَ مِنْهُ الشَّيْطَانُ (رَوَاهُ الْبُخَارِي)

അബൂഹുറയ്റ ﷺ യിൽനിന്നു നിവേദനം, നബി ﷺ പറഞ്ഞു: തുമ്മൽ അല്ലാഹു ഇഷ്ടപ്പെടുന്നു. കോട്ടുവായിടുന്നത് വെറുക്കുകയും ചെയ്യുന്നു. നിങ്ങളിൽ ഒരാൾ തുമ്മിയശേഷം അല്ലാഹുവിനെ സ്തുതിച്ചാൽ, അതു കേട്ട എല്ലാ

മുസ്‌ലിംകളും "യർഹമുകല്ലാഹ്" എന്നു പറയൽ കടമയാണ്. എന്നാൽ കോട്ടുവാ പിശാചിൽനിന്നാകുന്നു. ആരെങ്കിലും കോട്ടുവായിടുന്നതായാൽ കഴിവിന്റെ പരമാവധി അതു പിടിച്ചുനിർത്തുക. നിങ്ങൾ കോട്ടുവായിട്ടാൽ പിശാച് ചിരിക്കും.(ബുഖാരി)

عَنْ أبِي هُرَيْرَةَ رَضِيَ اللَّه عَنْه عَن النَّبِيِّ صلَّى اللَّه عَلَيْهِ وَسَلَّمَ قَالَ إِذَا عَطَسَ أحَدُكُمْ فَلْيَقُل الحَمْدُ لِلَّهِ ولْيَقُلْ لَهُ أخُوهُ أوْ صَاحِبُهُ يَرْحَمُكَ اللَّهُ فَإذَا قَالَ لَهُ يَرْحَمُكَ اللَّهُ فَلْيَقُلْ يَهْدِيكُمُ اللَّهُ وَيُصلِحُ بَالَكُمْ (رَوَاهُ البُخَارِي)

അബൂഹുറയ്റ ﷺ യിൽനിന്നു നിവേദനം, റസൂൽ ﷺ പറഞ്ഞു: നിങ്ങളാരെങ്കിലും തുമ്മിയാൽ "അൽഹംദുലില്ലാഹ്" (അല്ലാഹുവിന്ന് സ്തുതി) എന്നു പറയുക. അപ്പോൾ കൂടെയുള്ളവർ "യർഹമുകല്ലാഹ്" (അല്ലാഹു നിങ്ങളെ അനുഗ്രഹിക്കട്ടെ) എന്ന് പറയണം. തുമ്മിയവൻ "യഹ്ദീകുമുല്ലാഹ് വയുസ്‌ലിഹ് ബാലകും" (അല്ലാഹു നിങ്ങളെ സന്മാർഗത്തിലാക്കട്ടെ, നിങ്ങളുടെ അവസ്ഥ നന്നാക്കട്ടെ) എന്ന് പറയണം (ബുഖാരി)

عَنْ أبِي مُوسَى ﷺ قَالَ : سَمِعْتُ رَسُولَ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ يَقُولُ إِذَا عَطَسَ أحَدُكُمْ فَحَمِدَ اللَّهَ فَشَمِّتُوهُ فَإِنْ لَمْ يَحْمَدِ اللَّهَ فَلَا تُشَمِّتُوهُ (رَوَاهُ مُسْلِم)

അബൂമൂസൽ അശ്അരി ﷺ യിൽ നിന്നു നിവേദനം, നബി ﷺ പറയുന്നതായി ഞാൻ കേട്ടിരിക്കുന്നു: നിങ്ങളാരെങ്കിലും തുമ്മിയശേഷം അല്ലാഹുവിനെ സ്തുതിച്ചാൽ അവനെ നിങ്ങൾ ''യർഹമുകല്ലാഹ്'' പറഞ്ഞ് സന്തോഷിപ്പിക്കുക സ്തുതിച്ചില്ലെങ്കിൽ സന്തോഷിപ്പിക്കേണ്ടതില്ല. (മുസ്‌ലിം)

عَنْ أبي هُرَيْرَةَ ﷺ قَالَ كَانَ رَسُولُ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ إِذَا عَطَسَ وَضَعَ يَدَهُ أَوْ ثَوْبَهُ عَلَى فِيهِ وَخَفَضَ وَغَضَّ بِهَا صَوْتَهُ (رواه أبوداود)

അബൂഹുറയ്റ ﷺ യിൽനിന്നു നിവേദനം, നബി ﷺ തുമ്മുമ്പോൾ തന്റെ മുഖം, കൈകൊണ്ടോ വസ്ത്രം കൊണ്ടോ അടക്കിപ്പിടിച്ച് ശബ്ദം താഴ്ത്തുമായിരുന്നു. (അഹ്മദ്, തിർമതി, അബൂദാവൂദ്)

സംഗ്രഹം:

1) തുമ്മിയിട്ട് ''അൽഹംദുലില്ലാഹ്'' എന്നു പറയുന്നത് കേട്ടവരെല്ലാം യർഹമുകല്ലാഹ് എന്നു പറയണം.

2) അല്ലാഹുവിനെ സ്തുതിച്ചില്ലെങ്കിൽ അങ്ങനെ പറയേണ്ടതില്ല.

3) കോട്ടുവാ പിടിച്ചു നിർത്തലും മറച്ചുപിടിക്കലും സുന്നത്താകുന്നു.

4) കോട്ടുവായിടുമ്പോൾ കൈകൊണ്ട് വാ പൊത്തണം

5) തുമ്മുമ്പോൾ കൈ, വസ്ത്രം, ടവൽ എന്നിവ കൊണ്ട് മുഖം പൊത്തിപ്പിടിക്കണം.

6) കോട്ടുവായിടുമ്പോൾ, തുമ്മുമ്പോൾ ശബ്ദം ഉയർത്തരുത്.

## 24) നായയെ വളർത്തൽ

عَنْ أَبِي هُرَيْرَةَ رَضِيَ اللَّهُ عَنْهُ قَالَ قَالَ رَسُولُ اللَّهِ
صَلَّى اللَّهُ عَلَيْهِ وَسَلَّمَ مَنْ أَمْسَكَ كَلْبًا فَإِنَّهُ يَنْقُصُ كُلَّ
يَوْمٍ مِنْ عَمَلِهِ قِيرَاطٌ إِلَّا كَلْبَ حَرْثٍ أَوْ مَاشِيَةٍ أَوْ صَيْدٍ
(متفق عليه)

അബൂഹുറയ്റ ﵁ യിൽനിന്നു നിവേദനം, റസൂൽ ﷺ പറഞ്ഞു: കാലികളെ മേക്കാനോ, വേട്ടയാടാനോ, കൃഷിസംരക്ഷണത്തിനോ അല്ലാതെ ഒരാൾ നായ വളർത്തിയാൽ, ഓരോ ദിവസവും അയാളുടെ പ്രതിഫലത്തിൽനിന്നും ഒരു ഖീറാത് (ഒരു മലയുടെ അത്ര) കുറഞ്ഞു കൊണ്ടിരിക്കും.

عَنْ أبي هُرَيْرَةَ ﷺ قَالَ قَالَ رَسُولُ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ طَهُورُ إِنَاءِ أَحَدِكُمْ إِذَا وَلَغَ فِيهِ الْكَلْبُ أَنْ يَغْسِلَهُ سَبْعَ مَرَّاتٍ أُولَاهُنَّ بِالتُّرَابِ (رواه مسلم)

അബൂഹുറയ്റ ﷺ യിൽനിന്നു നിവേദനം, റസൂൽ ﷺ പറഞ്ഞു: നിങ്ങളുടെ പാത്രത്തിൽ നായ തലയിട്ടാൽ ഏഴുപ്രാവശ്യം കഴുകണം. എട്ടാമത്തെ പ്രാവശ്യം മണ്ണുചേർത്തുകൊണ്ട് കഴുകണം.

**സംഗ്രഹം:**

1) കൃഷി, കന്നുകാലി സംരക്ഷണം, വേട്ട എന്നീ ആവശ്യങ്ങൾക്കല്ലാതെ നായ വളർത്തൽ അനുവദനീയമല്ല.

2) കഴിയുന്നതും നായുടെ സാനിദ്ധ്യം ഒഴിവാക്കണം.

3) നായ തലയിട്ട പാത്രം ഏഴു പ്രാവശ്യം കഴുകണം

## 25) ദൈവസ്മരണ

അല്ലാഹു പറയുന്നു:

وَٱذْكُرُوا۟ ٱللَّهَ كَثِيرًا لَّعَلَّكُمْ تُفْلِحُونَ ﴿١٠﴾ ( الجمعة: ١٠

നിങ്ങൾ അല്ലാഹുവെ ധാരാളമായി ഓർമ്മിക്കുകയും ചെയ്യുക. നിങ്ങൾ വിജയംപ്രാപിച്ചേക്കാം. (ജുമുഅ–10)

يَـٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ ٱذْكُرُوا۟ ٱللَّهَ ذِكْرًا كَثِيرًا ﴿٤١﴾ وَسَبِّحُوهُ بُكْرَةً وَأَصِيلًا ﴿٤٢﴾ (الأحزاب ٤١-٤٢)

സത്യ വിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ ധാരാളമായി അനുസ്മരിക്കുകയും, കാലത്തും വൈകുന്നേരവും അവനെ പ്രകീർത്തിക്കുകയും ചെയ്യുവീൻ. (അഹ്സാബ്-41)

عَنْ أبِي مُوسَى الأشعري رَضِي اللَّه عَنْه قَالَ قَالَ النَّبِيُّ صلَّى اللَّه عَلَيْهِ وَسَلَّمَ مَثَلُ الَّذِي يَذْكُرُ رَبَّهُ وَالَّذِي لَا يَذْكُرُ رَبَّهُ مَثَلُ الحَيِّ وَالْمَيِّتِ (متفق عليه)

അബൂമൂസൽ അശ്അരി ﷺ യിൽ നിന്നു നിവേദനം, നബി ﷺ പറഞ്ഞു: തന്റെ നാഥനെ സ്തുതിക്കുന്നവൻ ജീവനുള്ളവനെപ്പോലെയും സ്മരിക്കാത്തവൻ മരിച്ചവനെപ്പോലെയുമാകുന്നു.

عَنْ أبِي هُرَيْرَةَ قَالَ قَالَ رَسُولُ اللَّهِ صلَّى اللَّه عَلَيْهِ وَسَلَّمَ كَلِمَتَانِ خَفِيفَتَانِ عَلَى اللِّسَانِ ثَقِيلَتَانِ فِي الْمِيزَانِ حَبِيبَتَانِ إِلَى الرَّحْمَنِ سُبْحَانَ اللَّهِ وَبِحَمْدِهِ سُبْحَانَ اللَّهِ الْعَظِيمِ (متفق عليه)

അബൂഹുറയ്റ ﷺ യിൽനിന്നു നിവേദനം, റസൂൽ ﷺ പറഞ്ഞു: നാവിന്ന് ലഘുവായതും, ത്രാസിൽ ഭാരം കൂടുതലുള്ളവയും അല്ലാഹുവിന്ന് വളരെ ഇഷ്ടപ്പെട്ടതുമായ രണ്ടുവാക്കുക

ളുണ്ട്. സുബ്ഹാനല്ലാഹി വബിഹംദിഹി(അല്ലാഹുവിനെ സ്തുതിച്ചുകൊണ്ട് പ്രകീർത്തിക്കുന്നു.) സുബ്ഹാനല്ലാഹിൽ അദ്വീം (മഹാനായ അല്ലാഹു പരിശുദ്ധൻ) എന്നിവ.

عَنْ أَبِي هُرَيْرَةَ قَالَ قَالَ رَسُولُ اللَّهِ صَلَّى اللَّهم عَلَيْهِ وَسَلَّمَ لَأَنْ أَقُولَ سُبْحَانَ اللَّهِ وَالْحَمْدُ لِلَّهِ وَلَا إِلَهَ إِلَّا اللَّهُ وَاللَّهُ أَكْبَرُ أَحَبُّ إِلَيَّ مِمَّا طَلَعَتْ عَلَيْهِ الشَّمْسُ (رَوَاهُ مُسْلِم)

അബൂഹുറയ്റ ﵁ യിൽനിന്നു നിവേദനം, റസൂൽ ﷺ പറഞ്ഞു: സുബ്ഹാനല്ലാഹ് (അല്ലാഹു പരിശുദ്ധൻ), അൽഹംദുലില്ലാഹ് (സർവ്വ സ്തുതിയും അല്ലാഹുവിനാകുന്നു), ലാഇലാഹ ഇല്ലല്ലാഹ് (ആരാധനക്കർഹൻ അല്ലാഹു വല്ലാതെ യാതൊന്നുമില്ല), അല്ലാഹു അക്ബർ (അല്ലാഹു ഏറ്റവും വലിയവൻ), എന്നീ വാക്കുകൾ പറയലാണ് സൂര്യൻ ഉദിക്കുന്ന (ഭൂമിയിലുള്ള മുഴുവൻ) വസ്തുക്കളെക്കാളും എനിക്ക് ഇഷ്ടം.

عَنْ جَابِرَ بْنَ عَبْدِ اللَّهِ رَضِيَ اللَّه عَنْهمَا قَالَ سَمِعْتُ رَسُولَ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ يَقُولُ أَفْضَلُ الذِّكْرِ لَا إِلَهَ إِلَّا اللَّهُ (رَوَاهُ التِّرْمِذِيُّ)

ജാബിർ ﵁ ൽ നിന്നു നിവേദനം, നബി ﷺ പറയുന്നതായി ഞാൻ കേട്ടിരിക്കുന്നു: ഏറ്റവും

നല്ല ദിക്ർ (വാക്ക്) ലാഇലാഹഇല്ലല്ലാഹ് എന്നാകുന്നു.

## തെരഞ്ഞെടുത്ത ദിക്റുകൾ

### ഉറങ്ങാൻ കിടക്കുമ്പോൾ

പ്രവാചകൻ ﷺ ഇങ്ങനെ പ്രാർത്ഥിച്ചു:

عَنْ حُذَيْفَةَ قَالَ كَانَ النَّبِيُّ صَلَّى اللَّه عَلَيْهِ وَسَلَّمَ إِذَا أَرَادَ أَنْ يَنَامَ قَالَ ((بِاسْمِكَ اللَّهُمَّ أَمُوتُ وَأَحْيَا)) (رَوَاهُ الْبُخَارِي)

അല്ലാഹുവേ, നിന്റെ നാമത്തിൽ ഞാൻ മരിക്കുകയും ജീവിക്കുകയും ചെയ്യുന്നു.

### ഉണരുമ്പോൾ

പ്രവാചകൻ ﷺ ഇങ്ങനെ പ്രാർത്ഥിച്ചു:

وَإِذَا اسْتَيْقَظَ مِنْ مَنَامِهِ قَالَ ((الْحَمْدُ لِلَّهِ الَّذِي أَحْيَانَا بَعْدَ مَا أَمَاتَنَا وَإِلَيْهِ النُّشُورُ)) (رَوَاهُ الْبُخَارِي)

ഞങ്ങളെ മരിപ്പിച്ച ശേഷം ജീവിപ്പിച്ച അല്ലാഹുവിന് സർവ്വസ്തുതിയും, അവനിലേക്ക് തന്നെയാണ് ഞങ്ങളുടെ മടക്കം.

## വാഹനത്തിൽ കയറുമ്പോൾ

بِسْمِ اللَّهِ الْحَمْدُ لِلَّهِ ( سُبْحَانَ الَّذِي سَخَّرَ لَنَا هَذَا وَمَا كُنَّا لَهُ مُقْرِنِينَ وَإِنَّا إِلَى رَبِّنَا لَمُنْقَلِبُونَ ) (رواه أبوداود)

അല്ലാഹുവിന്റെ നാമത്തിൽ, അല്ലാഹുവിനാകുന്നു സർവ്വസ്തുതിയും, ഈ വാഹനത്തെ ഞങ്ങൾക്ക് കീഴ്പെടുത്തി തന്നവൻ പരമ പരി

ശുദ്ധൻ, ഞങ്ങൾ അതിനെ കീഴ്പെടുത്താൻ കഴിവുള്ളവരായിരുന്നില്ല. ഞങ്ങൾ ഞങ്ങളുടെ നാഥനിലേക്ക് മടങ്ങുന്നവരാകുന്നു.

## ഒരു സ്ഥലത്ത് ഇറങ്ങിയാൽ

أَعُوذُ بِكَلِمَاتِ اللهِ التَّامَّاتِ مِنْ شَرِّ مَا خَلَقَ (رواه مسلم)

അല്ലാഹുവിന്റെ പൂർണ്ണമായ വചനങ്ങളാൽ അവൻ സൃഷ്ടിച്ചിട്ടുള്ളവയുടെ അനർത്ഥങ്ങളിൽ നിന്ന് ഞാൻ ശരണം തേടുന്നു.

## വുദൂ എടുക്കുമ്പോൾ

بِسْمِ اللهِ

അല്ലാഹുവിന്റെ നാമത്തിൽ (ഞാൻ ആരംഭിക്കുന്നു)

## വുദുവിന് ശേഷം

أَشْهَدُ أَنْ لَا إِلَهَ إِلَّا اللَّهُ وَحْدَهُ لَا شَرِيكَ لَهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ (رواه مسلم)

ആരാധനക്കർനില്ല, അല്ലാഹു ഒഴികെ, അവൻ ഏകനും പങ്കാരില്ലാത്തവനുമാകുന്നു. എന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു. മുഹമ്മദ് അല്ലാഹുവിന്റെ ദാസനും ദൂതനുമാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു.

## വീട്ടിൽ നിന്നിറങ്ങുമ്പോൾ

بِسْمِ اللَّهِ تَوَكَّلْتُ عَلَى اللَّهِ لَا حَوْلَ وَلَا قُوَّةَ إِلَّا بِاللَّهِ (رواه أبوداود)

അല്ലാഹുവിന്റെ നാമത്തിൽ, ഞാൻ അല്ലാഹു വിൽ ഭരമേൽപ്പിക്കുന്നു; ഒരു ശക്തിയും കഴിവും അല്ലാഹുവിനെകൊണ്ടല്ലാതെ ഇല്ല.

## വീട്ടിൽ പ്രവേശിക്കുമ്പോൾ

اللَّهُمَّ إِنِّي أَسْأَلُكَ خَيْرَ الْمَوْلَجِ وَخَيْرَ الْمَخْرَجِ بِسْمِ اللَّـــهِ وَلَجْنَا وَبِسْمِ اللَّهِ خَرَجْنَا وَعَلَى اللَّهِ رَبِّنَا تَوَكَّلْنَا ثُمَّ لِيُسَلِّمْ عَلَى أَهْلِهِ (رواه أبوداود)

അല്ലാഹുവേ, നല്ല പ്രവേശനവും നല്ല പുറപ്പാടും ഞാൻ നിന്നോട് ചോദിക്കുന്നു. അല്ലാഹുവിന്റെ നാമത്തിൽ നാം പ്രവേശിക്കുന്നു, അല്ലാഹുവിന്റെ നാമത്തിൽ തന്നെയാണ് നാം പുറത്ത് പോയതും. നമ്മുടെ നാഥനായ അല്ലാഹുവിൽ നാം ഭരമേൽപ്പിച്ചിരിക്കുന്നു.

## നബിയുടെ പേരിൽ സ്വലാത്

اللَّهُمَّ صَلِّ عَلَى مُحَمَّدٍ وَعَلَى آلِ مُحَمَّدٍ كَمَا صَلَّيْتَ عَلَى إِبْرَاهِيمَ وَعَلَى آلِ إِبْرَاهِيمَ إِنَّكَ حَمِيدٌ مَجِيدٌ اللَّهُمَّ بَارِكْ عَلَى مُحَمَّدٍ وَعَلَى آلِ مُحَمَّدٍ كَمَا بَارَكْتَ عَلَى إِبْـــرَاهِيمَ وَعَلَى آلِ إِبْرَاهِيمَ إِنَّكَ حَمِيدٌ مَجِيدٌ (رَوَاهُ الْبُخَارِي)

അല്ലാഹുവേ മുഹമ്മദ് നബിക്കും കുടുമ്പത്തിനും നീ കരുണ ചെയ്യേണമേ, ഇബ്റാഹീം നബിക്കും കുടുമ്പത്തിനും നീ കരുണ ചെയ്തത് പോലെ. നിശ്ചയം നീ സ്തുത്യർഹനും ഉന്നതനുമാകുന്നു. അല്ലാഹുവേ മുഹമ്മദ് നബിക്കും

കുടുമ്പത്തിനും നീ അനുഗ്രഹം ചെയ്യേണമേ, ഇബ്റാഹീം നബിക്കും കുടുമ്പത്തിനും നീ അനുഗ്രഹം ചെയ്തത്പോലെ. നിശ്ചയം നീ സ്തുത്യർഹനും ഉന്നതനുമാകുന്നു.

## പ്രഭാതത്തിൽ

اللَّهُمَّ بِكَ أَصْبَحْنَا وَبِكَ أَمْسَيْنَا وَبِكَ نَحْيَا وَبِكَ نَمُــوتُ وَإِلَيْكَ النُّشُورُ (رواه ابوداود)

അല്ലാഹുവേ, നിന്റെ സഹായത്താൽ ഞങ്ങൾ പ്രഭാതത്തിലായി, നിന്റെ സഹായത്താൽ ഞങ്ങൽ അസ്തമയത്തിലേക്കടുക്കുന്നു. നീ മുഖേന ഞങ്ങൾ ജീവിക്കുന്നു. നിന്നിലേക്കു തന്നെ ഞങ്ങളുടെ മടക്കം.

## വൈകുന്നേരം

اللَّهُمَّ بِكَ أَمْسَيْنَا وَبِكَ نَحْيَا وَبِكَ نَمُوتُ وَإِلَيْكَ النُّشُورُ (رواه ابوداود)

അല്ലാഹുവേ, നിന്റെ സഹായത്താൽ ഞങ്ങൾ അസ്തമയത്തിലായി, നിന്റെ സഹായത്താൽ ഞങ്ങൽ പ്രഭാതത്തിലേക്കടുക്കുന്നു. നീ മുഖേന ഞങ്ങൾ മരിക്കുന്നു. നിന്നിലേക്കു തന്നെ ഞങ്ങളുടെ മടക്കം.

## 26) സുഹൃത്ത്

ٱلْأَخِلَّآءُ يَوْمَئِذٍۭ بَعْضُهُمْ لِبَعْضٍ عَدُوٌّ إِلَّا ٱلْمُتَّقِينَ (الزخرف:٦٧)

സുഹൃത്തുക്കൾ അന്ന് പരസ്പരം ശത്രുക്കളായിരിക്കും. സൂക്ഷ്മത പാലിക്കുന്നവരൊഴികെ. (സുഖ്റുഫ്-67)

وَيَوْمَ يَعَضُّ ٱلظَّالِمُ عَلَىٰ يَدَيْهِ يَقُولُ يَٰلَيْتَنِى ٱتَّخَذْتُ مَعَ ٱلرَّسُولِ سَبِيلًا ﴿٢٧﴾ يَٰوَيْلَتَىٰ لَيْتَنِى لَمْ أَتَّخِذْ فُلَانًا خَلِيلًا ﴿٢٨﴾ لَّقَدْ أَضَلَّنِى عَنِ ٱلذِّكْرِ بَعْدَ إِذْ جَآءَنِى ۗ وَكَانَ ٱلشَّيْطَٰنُ لِلْإِنسَٰنِ خَذُولًا ﴿٢٩﴾ (الفرقان٢٧-٢٩)

അക്രമം ചെയ്തവൻ തന്റെ കൈകൾ കടിക്കുന്ന ദിവസം. റസൂലിന്റെ കൂടെ ഞാനൊരു മാർഗം സ്വീകരിച്ചിരുന്നെങ്കിൽ എത്ര നന്നായിരുന്നേനെ. എന്റെ കഷ്ടമേ! ഇന്ന ആളെ ഞാൻ സുഹൃത്തായി സ്വീകരിച്ചിട്ടില്ലായിരുന്നെങ്കിൽ എത്ര നന്നായിരുന്നേനെ. എനിക്ക് ബോധനം വന്നുകിട്ടിയ ശേഷം അതിൽനിന്നവൻ എന്നെ തെറ്റിച്ചു കളഞ്ഞുവല്ലോ. എന്നിങ്ങനെ അവൻ പറയും. പിശാച് മനുഷ്യനെ കൈവിട്ടു കളയുന്നവനാകുന്നു. (അൽ ഫുർഖാൻ 27-29)

فَأَقْبَلَ بَعْضُهُمْ عَلَىٰ بَعْضٍ يَتَسَآءَلُونَ ﴿٥٠﴾ قَالَ قَآئِلٌ مِّنْهُمْ إِنِّى كَانَ لِى قَرِينٌ ﴿٥١﴾ يَقُولُ أَءِنَّكَ لَمِنَ ٱلْمُصَدِّقِينَ ﴿٥٢﴾

أَءِذَا مِتْنَا وَكُنَّا تُرَابًا وَعِظَـٰمًا أَءِنَّا لَمَدِينُونَ ﴿٥٣﴾ قَالَ هَلْ
أَنتُم مُّطَّلِعُونَ ﴿٥٤﴾ فَٱطَّلَعَ فَرَءَاهُ فِى سَوَآءِ ٱلْجَحِيمِ ﴿٥٥﴾
قَالَ تَٱللَّهِ إِن كِدتَّ لَتُرْدِينِ ﴿٥٦﴾ وَلَوْلَا نِعْمَةُ رَبِّى لَكُنتُ
مِنَ ٱلْمُحْضَرِينَ ﴿٥٧﴾ ( الصافات : ٥٠-٥٧)

ആ സ്വർഗ്ഗത്തിൽ ചിലർ ചിലരുടെ നേരെ തിരിഞ്ഞുകൊണ്ട് പരസ്പരം (പല ചോദ്യങ്ങളും) ചോദിക്കും.

അവരിൽനിന്ന് ഒരു വക്താവ് പറയും: തീർച്ചയായും എനിക്ക് ഒരു കൂട്ടുകാരനുണ്ടായിരുന്നു. അവൻ പറയുമായിരുന്നു: തീർച്ചയായും നീ പരലോകത്തിൽ വിശ്വസിക്കുന്നവരുടെ കൂട്ടത്തിൽ തന്നെയാണോ? നാം മരിച്ചിട്ട് മണ്ണും അസ്ഥിശികരങ്ങളുമായി കഴിഞ്ഞാലും നമുക്ക് നമ്മുടെ കർമ്മഫലങ്ങൾ നൽകുന്നതാണോ? തുടർന്ന് ആ വക്താവ് (കൂടെയുള്ളവരോട്) പറയും: നിങ്ങൾ (ആ കൂട്ടുകാരനെ) എത്തിനോക്കുന്നുണ്ടോ? എന്നിട്ട് അദ്ദേഹം എത്തിനോക്കും, അപ്പോൾ അദ്ദേഹം അവനെ നരകത്തിന്റെ മദ്ധ്യത്തിൽ കാണും. അദ്ദേഹം (അവനോട്) പറയും: അല്ലാഹുവിനെതന്നെയാണ് നീ എന്നെ നാശത്തിൽ അകപ്പെടുത്തുക തന്നെ ചെയ്തേക്കുമാ

യിരുന്നു. എന്റെ രക്ഷിതാവിന്റെ അനുഗ്രഹം ഇല്ലായിരുന്നെങ്കിൽ, (നരകത്തിൽ) ഹാജറാക്കുന്നവരിൽ ഞാനും ഉൾപ്പെടുമായിരുന്നു.(സ്വാഫ്ഫാത് 50-57)

عَنْ أَبِي هُرَيْرَةَ ﷺ أَنَّ النَّبِيَّ صَلَّى اللَّه عَلَيْهِ وَسَلَّمَ قَالَ الرَّجُلُ عَلَى دِينِ خَلِيلِهِ فَلْيَنْظُرْ أَحَدُكُمْ مَنْ يُخَالِلُ (رَوَاهُ التِّرْمِذِيُّ وَأَبُودَاوُد)

അബൂഹുറയ്റ ﷺ യിൽനിന്നു നിവേദനം, നബി ﷺ പറഞ്ഞു: ഒരാൾ തന്റെ കൂട്ടുകാരന്റെ മത ആദർശത്തിലായിരിക്കും. അത്കൊണ്ട് ചിന്തിച്ചുവേണം ഒരാളോട് കൂട്ടുകൂടാൻ.

عَنْ أَبِي هُرَيْرَةَ ﷺ عَنِ النَّبِيِّ صَلَّى اللَّه عَلَيْهِ وَسَلَّمَ قَالَ سَبْعَةٌ يُظِلُّهُمُ اللَّهُ فِي ظِلِّهِ يَوْمَ لَا ظِلَّ إِلَّا ظِلُّهُ ... وَرَجُلَانِ تَحَابَّا فِي اللَّهِ اجْتَمَعَا عَلَيْهِ وَتَفَرَّقَا عَلَيْهِ (متفق عليه)

അബൂഹുറയ്റ ﷺ യിൽനിന്നു നിവേദനം, നബി ﷺ പറഞ്ഞു: അല്ലാഹുവിന്റേതല്ലാത്ത മറ്റൊരു തണലുമില്ലാത്ത (അന്ത്യ) ദിനത്തിൽ ഏഴു വിഭാഗക്കാർക്ക് അവന്റെ തണലേകും അല്ലാഹുവിന്റെ മാർഗ്ഗത്തിൽ സ്നേഹിച്ചു, ഒരുമിച്ചുകൂടുകയും പിരിയുകയും ചെയ്ത രണ്ട് കൂട്ടുകാർ ഇതിൽ ഉൾപ്പെടും.

## സംഗ്രഹം:

1) എല്ലാവർക്കും സുഹൃത്തുക്കൾ ഉണ്ടാകും. നന്മ കാണിച്ചു തരുന്ന, അതിനു സഹായിക്കുന്ന നല്ല കൂട്ടുകാരെ കണ്ടെത്താൻ ശ്രദ്ധിക്കുക.

2) ദൈവനിഷേധത്തിലേക്കും, അധർമ്മത്തിലേക്കു മാണ് കൂട്ടുകാരൻ ക്ഷണിക്കുന്നതെങ്കിൽ, അവൻ നിങ്ങളുടെ ബദ്ധശത്രുവാണ്.

3) സത്യനിഷേധികളെ കൂട്ടുകാരാക്കുന്നത് ശ്രദ്ധിക്കുക, അവൻ മുസ്‌ലിമിനെ നന്മ യിൽനിന്നും ദൈവാനുസരണത്തിൽനിന്നും തട യും.

## 27) ക്ഷമ

അല്ലാഹു പറയുന്നു:

يَـٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ ٱصْبِرُوا۟ وَصَابِرُوا۟ ( آل عمران: ٢٠٠)

സത്യവിശ്വാസികളേ, നിങ്ങൾ ക്ഷമിക്കു കയും, ക്ഷമയിൽ മികവ് കാണിക്കുകയും ചെയ്യുവീൻ. (ആലു ഇംറാൻ-200)

وَلَنَبْلُوَنَّكُم بِشَىْءٍ مِّنَ ٱلْخَوْفِ وَٱلْجُوعِ وَنَقْصٍ مِّنَ ٱلْأَمْوَٰلِ
وَٱلْأَنفُسِ وَٱلثَّمَرَٰتِ ۗ وَبَشِّرِ ٱلصَّـٰبِرِينَ ﴿١٥٥﴾ (البقرة : ١٥٥)

കുറച്ചൊക്കെ ഭയം, പട്ടിണി, ധനനഷ്ടം, ജീവനഷ്ടം, വിഭവനഷ്ടം എന്നിവ മുഖേന നിങ്ങളെ നാം പരീക്ഷിക്കുക തന്നെ ചെയ്യും.(അത്തരം സന്ദർഭങ്ങളിൽ) ക്ഷമിക്കുന്നവർക്ക് സന്തോഷ വാർത്ത അറിയിക്കുക. (അൽബഖറ–115)

عَنْ صُهَيْبٍ بن سنان ﷺ قَالَ قَالَ رَسُولُ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ عَجَبًا لِأَمْرِ الْمُؤْمِنِ إِنَّ أَمْرَهُ كُلَّهُ خَيْرٌ وَلَيْسَ ذَاكَ لِأَحَدٍ إِلَّا لِلْمُؤْمِنِ إِنْ أَصَابَتْهُ سَرَّاءُ شَكَرَ فَكَانَ خَيْرًا لَهُ وَإِنْ أَصَابَتْهُ ضَرَّاءُ صَبَرَ فَكَانَ خَيْرًا لَهُ (رواه مسلم)

സുഹയ്ബ്നു സിനാൻ ﷺ ൽനിന്നു നിവേദനം, നബി ﷺ പറഞ്ഞു: സത്യവിശ്വാസിയുടെ കാര്യം അത്ഭുതം തന്നെ. അവന്റെ എല്ലാ കാര്യവും അവന്ന് നന്മയാണ്. സന്തോഷം ഭവിച്ചാൽ അവൻ നന്ദി കാണിക്കും. അതവന്ന് നന്മയായിത്തീരും. സന്താപം ഭവിച്ചാൽ അവൻ ക്ഷമിക്കും. അതും അവന്ന് ഗുണംതന്നെ. (മുസ്‌ലിം)

عَنْ أَنَس بْنِ مَالِكٍ ﷺ قَالَ سَمِعْتُ النَّبِيَّ صَلَّى اللَّه عَلَيْهِ وَسَلَّمَ يَقُولُ إِنَّ اللَّهَ قَالَ إِذَا ابْتَلَيْتُ عَبْدِي بِحَبِيبَتَيْهِ فَصَبَرَ عَوَّضْتُهُ مِنْهُمَا (رواه البخاري)

അനസ് ﷺ ൽനിന്നു നിവേദനം, നബി ﷺ

പറയുന്നതായി ഞാൻ കേട്ടിരിക്കുന്നു: നിശ്ച യമായും അല്ലാഹു പറഞ്ഞിരിക്കുന്നു: എന്റെ ദാസനെ അവന്ന് ഏറ്റവും ഇഷ്ടപ്പെട്ട രണ്ടെണ്ണം (ക ണ്ണുകൾ) കൊണ്ട് ഞാൻ പരീക്ഷിക്കുമ്പോൾ, അവൻ ക്ഷമിച്ചാൽ അവക്ക് പകരമായി ഞാൻ അവന്ന് സ്വർഗ്ഗം നൽകും.

عَنْ أبِي هُرَيْرَةَ ﷺ عَنِ النَّبِيِّ صلَّى اللَّه علَيْهِ وسَلَّمَ قَالَ مَا يُصِيبُ المُسْلِمَ مِنْ نَصَبٍ ولَا وَصَبٍ ولَا هَمٍّ ولَا حُزْنٍ ولَا أذَى ولَا غَمٍّ حَتَّى الشَّوْكَةِ يُشَاكُهَا إلَّا كَفَّرَ اللَّهُ بِهَا مِنْ خَطَايَاهُ (رواه البخاري)

അബൂഹുറയ്റ ﷺ ൽനിന്നു നിവേദനം, റസൂൽ ﷺ പറഞ്ഞു: ഒരു മുസ്ലിമിന് ബാധിക്കുന്ന ക്ഷീണം, രോഗം, മനോവിഷമം, സങ്കടം, ബുദ്ധിമുട്ട്, കാലിൽ ഒരുമുളള്തറക്കുന്ന വേദന ഇവകൊണ്ടെല്ലാം അല്ലാഹു അവന്റെ പാപങ്ങൾ പൊറുത്തുകൊണ്ടിരി ക്കും.

عَنْ أبِي هُرَيْرَةَ ﷺ قَالَ قَالَ رَسُولُ اللَّهِ صلَّى اللَّه علَيْهِ وَسَلَّمَ مَا يَزَالُ البَلَاءُ بِالمُؤْمِنِ وَالمُؤْمِنَةِ فِي نَفْسِهِ وَوَلَدِهِ وَمَالِهِ حَتَّى يَلْقَى اللَّهَ وَمَا عَلَيْهِ خَطِيئَةٌ (رواه الترمذي)

അബൂഹുറയ്റ ﷺ ൽനിന്നു നിവേദനം, റസൂൽ ﷺ പറഞ്ഞു: സത്യവിശ്വാസിക്കും വിശ്വാ സിനിക്കും, തങ്ങളുടെ സ്വന്തം ശരീരത്തിലും, സമ്പത്തിലും സന്താനത്തിലും പരീക്ഷണം

നേരിട്ടുകൊണ്ടേയിരിക്കും. അങ്ങനെ യാതൊരു പാപവുമില്ലാത്തവിധം അല്ലാഹുവിനെ കണ്ടുമുട്ടുന്നത് വരെ. (തുർമുദി)

## സംഗ്രഹം:

4) സദാ ക്ഷമ കൈകൊള്ളാനുള്ള പ്രേരണ. പരീക്ഷണങ്ങൾ പ്രതിഫലം നഷ്ടപ്പെടുത്തുന്ന വിധം ക്ഷമകേട് കാണിക്കുന്നതിൽ മുന്നറിയിപ്പ്.

5) മുസ്ലിമിനുണ്ടാകുന്ന പരീക്ഷണങ്ങൾ അവന്റെ പാപങ്ങൾ പൊറുക്കപ്പെടാൻ ഹേതുകങ്ങളാകും.

6) അല്ലാഹുവിനെ അനുസരിക്കുന്ന കാര്യത്തിൽ ക്ഷമിക്കുക. ദൈവധിക്കാരപരമായ കാര്യങ്ങളിൽനിന്നും ക്ഷമാപൂർവ്വം അകലുക. ഇത് ക്ഷമയുടെ ഏറ്റവും ശ്രേഷ്ഠമായ രൂപമത്രെ.

7) അല്ലാഹു നൽകിയതു കൊണ്ട് മുസ്ലിം തൃപ്തിയടയണം. കാരണം തന്റെ ദാസന്റെ നന്മയെ കുറിച്ച് കൂടുതൽ അറിവുള്ളവനും, യുക്തിമാനും അവനാകുന്നു.

وآخر دعوانا أن الحمد لله رب العالمين.

وصلى الله على نبينا محمد وعلى آله وصحبه وسلم.

مطابع الناشر العربي
AL-NASHER AL-ARABI P. PRESS

# أحكام وآداب إسلامية

(باللغة المليبارية)

وكالة المطبوعات والبحث العلمي
وزارة الشؤون الإسلامية والأوقاف والدعوة والإرشاد
المملكة العربية السعودية

١٤٣٥ هـ